# ശിഥിലീകരണത്തിന്റെ വിത്തുകൾ

ഹർകിഷൻസിങ്ങ് സുർജിത്

331·8

കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി
കേരള സംസ്ഥാന കമ്മിററി പ്ര

# ശിഥിലീകരണത്തിൻെറ വിത്തുകൾ

1116

ഹർകിഷൻ സിങ്ങ് സുർജിത്

PC Library & Research Center

കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി
സംസ്ഥാനകമ്മിററി പ്രസിദ്ധീകരണം

വില 1.25 രൂപ

sidhileekaranathinte vithukal by harkishan singh surjeet ● a cpi (m) state committee publication ● june 1981 ● distributed by deshabhimani book house, trivandrum ● printed at sindhu printers, trivandrum.

price: 1.25

331·8

വിതരണം: ദേശാഭിമാനി ബുക്ക്ഹൗസ്
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ
കോട്ടയം, എറണാകുളം, തൃശ്ശൂർ,
കോഴിക്കോട്, കണ്ണൂർ.

# വർഗീയശക്തികൾ വിവിധ വേഷങ്ങളിൽ

തൊഴിലാളിവർഗത്തിൻെറയും മററ് അധ്വാനിക്കുന്ന ജനങ്ങളുടെയും കർഷകരുടെയും വളർന്നുവരുന്ന ഐക്യം ശിഥിലമാക്കുക എന്ന കാഴ്ചപ്പാടോടെ ശിഥിലീകരണശക്തികൾ വളരെയേറെ സജീവമായിരിക്കയാണ്. സമ്പദ്‌വ്യവസ്ഥയെബാധിച്ച പ്രതിസന്ധിക്ക് ആഴം കൂടിവരികയും അതിൻെറ ദോഷഫലത്തിന് തൊഴിലാളിവർഗവും മററധ്വാനിക്കുന്ന ജനവിഭാഗങ്ങളും ഇരയായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ പ്രതിസന്ധിയുടെ ഭാരം സാധാരണക്കാരൻെറ മുതുകത്ത് അടിച്ചേൽപിക്കാനുള്ള ഭരണകക്ഷിയുടെ ശ്രമത്തെ പരാജയപ്പെടുത്താൻ യോജിച്ച ചെറുത്തുനിൽപാവശ്യമായി വന്നിട്ടുള്ള സന്ദർഭത്തിലാണ് ഈ ഛിദ്രശക്തികൾ തലപൊക്കിയിട്ടുള്ളത്.

വടക്കുകിഴക്കൻ മേഖലയിൽ ആസാമിലും ഇതരസംസ്ഥാനങ്ങളിലും ജനങ്ങളുടെ യഥാർഥ അവശതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ ഒന്നര കൊല്ലമായി രാജ്യത്തിൻെറ ഐക്യത്തിനുനേരെ ഭീഷണി ഉയർത്തിക്കൊണ്ട് വിഘടനാവാദിപ്രസ്ഥാനങ്ങൾ രൂപം കൊണ്ടിരിക്കയാണ്. സാമ്രാജ്യവാദികളാകട്ടെ, രാജ്യത്തിൻെറ ഭദ്രതക്ക് ഊനംതട്ടിക്കുന്ന കുത്സിതവൃത്തികൾക്കു ചില ക്രിസ്ത്യൻ മിഷനുകളെ ഉപയോഗപ്പെടുത്താൻ സജീവമായി യത്നിച്ചുകൊണ്ടിരിക്കയുമാണ്. കലാപകാരികൾക്ക് പരിശീലനം നൽകാൻ ഒരുവിദേശരാജ്യത്തെ ഉപയോഗപ്പെടുത്തുകപോലും ചെയ്യുന്നു.

ഇതിനുംപുറമെ പിന്തിരിപ്പൻ ഛിദ്രശക്തികൾ, സാമുദായികമായി ഭിന്നിപ്പിക്കൽ എന്ന പഴയ സാമ്രാജ്യത്വായുധം ഉപയോഗപ്പെടുത്തിയും മതത്തിൻെറ വേഷമണിഞ്ഞും പ്രചാരണം ആരംഭിച്ചിരിക്കുകയുമാണ്. തങ്ങളുടെ കുത്സിതവൃത്തി തുടരുന്നതിന് വളരെ പിന്നോക്കാവസ്ഥയിലുള്ള മതവികാരത്തെ എളുപ്പം ചൂഷണം ചെയ്യാമെന്നും അവർ കാണുന്നു. ആർ. എസ്. എസ്, ജമായത്തെ ഇസ്‌ലാമി, ചില ക്രിസ്ത്യൻ മിഷനുകൾ, അകാലിനേതൃത്വത്തിലൊരുവിഭാഗം എന്നീ അന്യോന്യവിരുദ്ധമായ ശക്തികളെല്ലാം ഒരേസ്വരത്തിൽ സംസാരിക്കുന്നുവെന്നത് അർഥഗർഭമാണ്. ഹിന്ദുരാഷ്ട്രം, സിക്കുരാഷ്ട്രം, ഖാലിസ്താൻ, മുസ്‌ലീംരാഷ്ട്രം എന്നീ പഴയ മുദ്രാവാക്യങ്ങൾ രാജ്യത്തെ വിഭജിക്കുകയെന്ന സയുക്തികലക്ഷ്യത്തോടെ പുനരുജ്ജീവിപ്പിക്കപ്പെട്ടിരിക്കുന്നു. മൗലികമായി

മതസിദ്ധാന്തങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള രാഷ്ട്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി അവ വാദിക്കുന്നു. ഈ വ്യത്യസ്തശക്തികളെല്ലാം അന്യോന്യപൂരകമായും പരസ്പരാനുബദ്ധമായും വർത്തിക്കുന്നു. അവ ഉയർത്തുന്ന മുദ്രാവാക്യങ്ങൾക്കെല്ലാം വിദേശപത്രങ്ങളിൽ വലിയ പ്രചാരം ലഭിക്കുകയും ചെയ്യുന്നു.

ഊർജിതമായ ഈ നടപടികളെല്ലാം ഏഷ്യയിലെ ഇതര വികസ്വരരാജ്യങ്ങളിലെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ വേണം നോക്കിക്കാണാൻ. ക്യാമ്പ് ഡേവിഡ് കരാറിലൂടെ അറബ്ഐക്യം ശിഥിലമാക്കിക്കൊണ്ട്, വിവിധരാജ്യങ്ങളിലെ ജനങ്ങൾക്കിടയിൽ ആപ്പ ടിച്ചുകയററുന്നതിന് സാമ്രാജ്യശക്തികൾ മതസിദ്ധാന്തങ്ങളെ ഇളക്കിവിടുന്നു. അറബ്‌രാജ്യങ്ങളിൽനിന്ന് ഒട്ടേറെ മതനേതാക്കൾ നമ്മുടെ രാജ്യം സന്ദർശിക്കുകയും മതവികാരം ഇളക്കിവിടുന്നതിനു തങ്ങളുടേതായ സംഭാവന നൽകുകയും ചെയ്യുന്നത് യാദൃച്ഛികമല്ല. കഴിഞ്ഞകൊല്ലം മെക്കയിലെ ഇമാം ശ്രീനഗർ സന്ദർശിച്ചശേഷം ജമായത്തെ ഇസ്ളാമിയുടെ പ്രവർത്തനം പതിൻമടങ്ങു വർധിച്ചു. അതുപോലെതന്നെ അമേരിക്കൻപൗരത്വം സ്വീകരിച്ച ഇന്ത്യൻ വംശജനായ ഗംഗാസിങ്ങ് ധില്ലൻ ഇന്ത്യയും പാക്കിസ്താനും സന്ദർശിച്ചശേഷം സിക്കുരാഷ്ട്രം, ഖാലിസ്താൻ എന്നീ മുദ്രാവാക്യങ്ങൾ പഞ്ചാബിലെ വിവിധ ജനവിഭാഗങ്ങൾ ഉയർത്തുകയുണ്ടായി.

ഈ സിദ്ധാന്തങ്ങളും മുദ്രാവാക്യങ്ങളും നാം അവഗണിക്കുന്നത് ആപൽക്കരമായിരിക്കും. കഴിഞ്ഞകാലത്ത് വർഗീയകലാപങ്ങൾ ആളിക്കത്തിക്കുകയും മതത്തിൻെറ പേരിൽ മാനുഷികമൂല്യങ്ങളുടെ തായ്‌വേരിന് കോടാലിവെക്കുകയും ചെയ്ത ശക്തികൾ ഇന്നെങ്ങനെ ഒന്ന് മറെറാന്നിൻെറ അനുബന്ധമായി വർത്തിക്കുന്നു എന്നു നാം പരിശോധിക്കേണ്ടതുണ്ട്. തൊഴിലാളിവർഗത്തെയും ജീവനക്കാരെയും അധ്വാനിക്കുന്ന കർഷകജനതയെയും സാമുദായികാടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുകയും അങ്ങനെ വർഗസമരത്തെ തടസ്സപ്പെടുത്തി ചൂഷകവർഗങ്ങളുടെ താൽപര്യത്തെ സേവിക്കുകയുമാണ് അവരുടെ ഉദ്ദേശ്യം.

ഹിന്ദുവർഗീയതയുടെ മൂർത്തീകരണമായ ആർ. എസ്. എസിനെ കുറിച്ചാണ് ആദ്യം പരാമർശിക്കുന്നത്. തുടർന്നുള്ള ലേഖനങ്ങളിൽ ഖാലിസ്താൻ, മുസ്ളീംരാഷ്ട്രം മുതലായ മുദ്രാവാക്യങ്ങളും രാഷ്ട്രത്തെ സംബന്ധിച്ച മാർക്സിസ്ററ്–ലെനിനിസ്ററ് സങ്കൽപങ്ങളും കൈകാര്യംചെയ്യുന്നതാണ്.

ഈയടുത്തകാലത്ത് ജനതാപാർടിക്കകത്ത് ആർ. എസ്. എസിൻെറ ദ്വയാംഗത്വം സംബന്ധിച്ച് മൂന്നു കൊല്ലത്തോളം നീണ്ടുനിന്ന വിവാദം നടക്കുകയുണ്ടായി. ഈ പ്രശ്നവും തൽസംബന്ധമായ വിവാദവും ജനതാപാർടിയുടെ ആത്യന്തികമായ പിളർപ്പിന് വളരെയേറെ സംഭാവന ചെയ്തു. ജനസംഘംനേതാക്കൾ ആർ. എസ്. എസുമായുള്ള ബന്ധം വിച്ഛേദിക്കാൻ വിസമ്മതിച്ചു.

ആർ. എസ്. എസ് ഒരു സാംസ്കാരികസംഘടനയാണെന്നാണ് അന്നവർ വാദിച്ചത്. ആർ. എസ്. എസ് അംഗങ്ങൾ ജനതാപാർടിയിൽ ഔദ്യോഗിക ഭാരവാഹിത്വം വഹിക്കരുതെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം ആർ. എസ്. എസ്. എക്സിക്യൂട്ടിവിൽ പാസ്സാക്കിയെടുക്കാനും ഒരു ശ്രമംനടന്നു. എന്നാൽ ദ്വയാംഗത്വപ്രശ്നം പരിഹൃതമായില്ല. എന്തുകൊണ്ടെന്നാൽ, ആർ. എസ്. എസ്–ജനസംഘം കണ്ണി അത്ര ലഘുവല്ല; പ്രത്യയശാസ്ത്രപരമായ പരിഗണനകളിൽ അധിഷ്ഠിതമാണത്.

ജനത പിളർന്നശേഷം ബി. ജെ. പി.–പഴയ ജനസംഘത്തിന്റെ പുതിയ പേരാണത്–പുതിയ ഭാവം കൈക്കൊണ്ടു അത് ഗാന്ധിയൻ സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്നു എന്ന് പ്രഖ്യാപിച്ചു. എന്നാൽ ആർ. എസ്. എസിനെക്കുറിച്ച് അതിന്റെ നേതാക്കൾ വീണ്ടും പറഞ്ഞതെന്താണ്? അത് ഒരു സാംസ്കാരികസംഘടനയാണെന്നുതന്നെയാണവർ വാദിച്ചത്. ദ്വയാംഗത്വപ്രശ്നം വീണ്ടും ഉന്നയിക്കപ്പെട്ടപ്പോഴും അവർ പഴയ നിലപാടിൽ നിന്നുകൊണ്ടുതന്നെ അതിനെ ന്യായീകരിച്ചു.

ഈയിടെ കൊച്ചിയിൽവെച്ചുചേർന്ന നാഷണൽ എക്സിക്യൂട്ടിവ് യോഗത്തിനുശേഷം എൽ. കെ. അദ്വാനി പത്രപ്രതിനിധികളോട് പറഞ്ഞത് ഇതാണ്; പല പ്രശ്നങ്ങളിലും ബി. ജെ. പി.ക്ക് ആർ. എസ്. എസുമായി അഭിപ്രായഭിന്നത ഉണ്ടെന്നിരിക്കിലും അതൊരു സാംസ്കാരികസംഘടനയാകയാൽ ബി.ജെ.പി. മെമ്പർമാരെ അതിൽ ചേരാൻ അനുവദിച്ചിട്ടുണ്ട്.

ആ രണ്ടുസംഘടനകൾ തമ്മിൽ പല പ്രശ്നത്തിലും അഭിപ്രായഭിന്നതയുണ്ടെങ്കിൽ പിന്നെ ഒരാൾക്കെങ്ങനെ ഇവയിൽ രണ്ടിലും അംഗമാകാൻ കഴിയുന്നുവെന്നത് മനസ്സിലാവുന്നില്ല. ഇതൊക്കെ ജനങ്ങളെ കബളിപ്പിക്കാനുള്ള പറച്ചിൽ മാത്രമാണ്. ബി. ജെ. പി.യുടെ അടിത്തറ ആർ. എസ്. എസ് ആണ്. അതുമായുള്ള ബന്ധം വിച്ഛേദിക്കാൻ ബി. ജെ. പി. നേതാക്കൾക്കാവില്ല. ആർ. എസ്. എസിന്റെ മുഖപത്രമായ ''ഓർഗനൈസർ'' ബി. ജെ. പി. ക്കും അതിന്റെ മുന്നണിസംഘടനകൾക്കുംവേണ്ടി പ്രചാരണം നടത്തിക്കൊണ്ടുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു. ബി. ജെ. പി. നേതാക്കൾതന്നെ സ്വന്തം പേരിൽ അതിൽ ലേഖനങ്ങൾ എഴുതുന്നു.

ജനതാഭരണകാലത്ത് കുറച്ചുകാലം ജനസംഘംനേതാക്കളുംതങ്ങളുടെ തത്വശാസ്ത്രപരമായ കെട്ടുപാടുകൾ മൂടിവെക്കാൻ ശ്രമം നടക്കുകയുണ്ടായി. 'ഹിന്ദുരാഷ്ട്ര'നിലപാടല്ല അത് കൈക്കൊള്ളുന്നതെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി അതിന്റെ വാതിൽ അഹിന്ദുക്കൾക്ക് തുറന്നുകൊടുക്കുന്നത് സംബന്ധിച്ചു വളരെയേറെ വിവാദം നടക്കുകയും ചെയ്തു. ഇന്നിപ്പോൾ ബാലാസാഹേബ് ദേവരശും അനുയായികളും നേരത്തെ ഗോൾവാൾക്കറെപോലെ 'ഹിന്ദുരാഷ്ട്രം', ഹിന്ദുദേശീയ ജനവിഭാഗം എന്നീ, ഹിന്ദുആശയങ്ങൾക്കുവേണ്ടി

പരസ്യമായ പ്രചാരണം തുടങ്ങിയിരിക്കുന്നു. ഏപ്രിൽ 12ൻെറ ''ഓർഗനൈസറി''ൽ ഉദ്യോഗത്തിൽനിന്ന് വിരമിച്ച ഒരു തത്വശാസ്ത്ര പ്രൊഫസറായ ഡോ: സദാശിവസന്യാൽ 4 പേജുള്ള ഒരുലേഖനം എഴുതിയിട്ടുണ്ട്.

''ഓർഗനൈസറി''ൻെറ പ്രസ്തുത ലക്കം ഒരു വ്യവസായ വാണിജ്യവിശേഷാൽ പതിപ്പാണ്. അതിൽ ബിർളക്കും ടാററക്കും മുൻപേജിൽ സ്ഥാനം നൽകി ആദരിച്ചിട്ടുണ്ട്. അതിൽ പറയുന്നു: ''ബിർളയെയും ടാററയെയും സമൂഹത്തിലെ ചൂഷകരെന്ന് അധിക്ഷേപിക്കുന്നത്, ദീർഘകാലമായി രാജ്യത്ത ചില വൃത്തങ്ങൾക്കിടയിൽ ഒരു ഫാഷനായിട്ടുണ്ട്. എന്നാൽ ഒരു സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലും സമൂഹത്തെ മാററിത്തീർക്കുന്നതിലും വ്യവസായത്തിനും വാണിജ്യത്തിനുമുള്ള പങ്ക് പരിഗണിക്കുമ്പോൾ കുടുതൽ ബിർളമാരും ടാററമാരും ഉണ്ടാവട്ടെ എന്നാശിക്കാനേ നമുക്കാവൂ.'' ഇതിൽനിന്നും ഈ വിശേഷാൽപ്രതിയിൽ കാണുന്ന ഇതുപോലുള്ള പ്രസ്താവനകളിൽനിന്നും സമൂഹത്തിലെ പരിവർത്തനം സംബന്ധിച്ച ആർ. എസ്. എസ്. തത്വശാസ്ത്രം നമുക്കു മനസ്സിലാക്കാൻ കഴിയും.

''ആരാണ് ഹിന്ദു, എന്താണ് ഹിന്ദുത്വം'' എന്ന ശീർഷകത്തിലുള്ള ഡോ: സന്യാലിൻെറ ലേഖനത്തിലേക്കുതന്നെ മടങ്ങാം. ഹിന്ദുക്കൾ ഒരു രാഷ്ട്രം ആവാതെതന്നെ ഒരു ദേശീയജനവിഭാഗമായി നിലനിന്നുപോന്നു; ഇന്ത്യ ഒരു ദേശീയ ജനവിഭാഗം ആവാതെതന്നെ ഒരു രാഷ്ട്രമായി (സ്റേററ്) നിലനിന്നുപോന്നു എന്നു പറഞ്ഞുകൊണ്ടാണതിൻെറ തുടക്കം. പിന്നീട് കമ്യൂണിസ്ററ്കാരും ലിബറൽ ഹ്യൂമനിസ്ററുകളും ആത്യന്തികമായി ഹിന്ദുവിരുദ്ധർ മാത്രമല്ല, മുസ്ലീംവിരുദ്ധരും കൃസ്ത്യൻവിരുദ്ധരുമാണ് എന്നു പറഞ്ഞുകൊണ്ട് കമ്യൂണിസ്ററ്കാരെയും ലിബറൽ ചിന്താഗതിക്കാരെയും ആക്ഷേപിക്കുന്നു.

### നേഷനും സ്റേററും

ദേശീയ ജനവിഭാഗത്തെയും രാഷ്ട്രത്തെയും സംബന്ധിച്ച ലേഖനകർത്താവിൻെറ സങ്കൽപവും ലേഖനത്തിൽവിവരിക്കുന്നുണ്ട്. ''ഒരു പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് ഒരു ദേശീയ ജനവിഭാഗം ആവാൻ പാലിക്കേണ്ട ഏററവും ചുരുങ്ങിയ നിബന്ധന ഒരു പരമാധികാരരാഷ്ട്രം ആവാനുള്ള വർധിച്ച അഭിനിവേശം ഉണ്ടാവണമെന്നതാണ്. അങ്ങനെ പരമാധികാരം സാക്ഷാത്കരിക്കപ്പെട്ടാൽ അവർ ഒരു ദേശീയരാഷ്ട്രം ആയിത്തീരും.''

തുടർന്ന് അദ്ദേഹം വിശദീകരിക്കുന്നു: ''ബ്രിട്ടീഷ് വാഴ്ചക്കാലത്ത് ഒരു കോളനിരാഷ്ട്രം എന്ന നിലക്ക് ശ്രീലങ്ക, ബംഗ്ളാദേശ്, പാക്കിസ്താൻ എന്നിവ ഉൾപ്പെട്ടതായിരുന്നു ഇന്ത്യ.

മുസ്ലീമിങ്ങൾക്ക് അവരുടെ തനതായ ഒരു ദേശീയരാഷ്ട്രം ലഭിച്ച ശേഷം ഇന്ത്യൻ യൂണിയൻ എന്നരാഷ്ട്രം ഇപ്പോൾ ഒരു പരമാധികാരരാഷ്ട്രമാണ്. എന്നാൽ അവശിഷ്ട ഇന്ത്യൻജനത ഇനിയും ഒരു ഇന്ത്യൻ ദേശീയ ജനവിഭാഗം ആയിട്ടില്ല. ഹിന്ദുക്കൾ ഒരു ദേശീയ ജനവിഭാഗമാണ്, ഒരു ദേശീയരാഷ്ട്രം ആവാൻ അവർ അഭിലഷിക്കുകയും ചെയ്യുന്നു. കമ്യൂണിസ്റ്റുകാരും (ബാബ്റക് കാർമൽ) ലിബറൽ ഹ്യൂമനിസ്റ്റുകളും (ശ്രീമതിഗാന്ധി) ക്രിസ്ത്യാനികളും (മദർതെരേസ) മുസ്ലീമിങ്ങളും അങ്ങനെതന്നെ ചെയ്യുന്നു. അതിനാൽ അവരെല്ലാം ദേശീയ ജനവിഭാഗങ്ങളാണ്. ഇന്ത്യ ഒരു രാഷ്ട്രം എന്ന നിലക്ക് ബഹുദേശീയമാണ്. ഒരു കമ്പോളം എന്ന നിലക്കും അതങ്ങനെതന്നെ.''

ഇന്നത്തെ ഇന്ത്യൻ രാഷ്ട്രത്തെ വിമർശിച്ചുകൊണ്ട് അതിൽ പറയുന്നു: ''1947 നു ശേഷം നാളിതുവരെ അധികാരത്തിൽ തുടർന്നു പോന്ന ലിബറൽ ഹ്യൂമനിസ്റ്റുകൾ....വിശാലമനസ്കതയോടു കൂടിയതല്ലാത്തതും മനുഷ്യത്വവിഹീനവുമായ തങ്ങളുടെ ഹിന്ദുത്വം ഉപേക്ഷിക്കാൻ ഹിന്ദുക്കളെ വിശേഷിച്ചും —ഹിന്ദുക്കളല്ലാത്തവർക്കും ലിബറലുകളല്ലാത്തവർക്കും വിഷമമുണ്ടാവില്ലെന്ന് നന്നായറിഞ്ഞുകൊണ്ടുതന്നെ— ഉദ്ബോധിപ്പിച്ചുപോന്നു. ഹിന്ദുക്കൾ മാത്രമല്ല, ലിബറലുകളല്ലാത്തവരും ഹ്യൂമിനിസ്റ്റുകളല്ലാത്തവരുമായ എല്ലാവരും തവിട്ടുനിറക്കാരായ സാഹേബുമാർക്കും സാഹേബകൾക്കും വഴങ്ങുകയും അവരുടെ സമൂഹത്തിൻെറയും സംസ്കാരത്തിൻെറയും രീതിയിലുള്ള അവ്യക്തമായ ആധുനികരാഷ്ട്രം സാക്ഷാത്കരിക്കുകയും ചെയ്യുന്നതിനുമുമ്പ് തങ്ങളുടെ വ്യക്തിത്വവും ആത്മാഭിമാനവും സ്വതഃസിദ്ധങ്ങളും, മൂല്യവ്യവസ്ഥയും കൈവെടിയുന്നതിലുള്ള അഭിലഷണീയതയെ ചോദ്യംചെയ്യാനിടയുണ്ട്.'' എന്നിട്ട്ഇങ്ങനെ വിശദീകരിക്കുന്നു: ''ഹൈന്ദവത ചരിത്രപരമായി പറഞ്ഞാൽ ഒരു സമ്പൂർണ സാംസ്കാരിക വ്യവസ്ഥയുടെ പേരാണ്. യുക്തിയുക്തമായിപറഞ്ഞാൽ ഒരേയൊരു സമ്പൂർണ സാംസ്കാരികവ്യവസ്ഥയുടെ പേരാണ്. സമ്പൂർണ സാംസ്കാരികവ്യവസ്ഥതന്നെ മാതൃകാവ്യവസ്ഥയാണ്. അത് ചരിത്രത്തിൽ ചലനാത്മകമായി സാക്ഷാത്കരിക്കപ്പെട്ടാൽ ആ ഘട്ടത്തിൽ ഒരു സമ്പൂർണ സാംസ്കാരികവ്യവസ്ഥയായി പ്രത്യക്ഷപ്പെടും. എന്നിട്ട് അതേ വ്യവസ്ഥയായി അവശേഷിക്കുന്നു.''

അതിൽ തുടർന്ന് ചോദിക്കുന്നു: ''ജനങ്ങളുടെ സാംസ്കാരിക വ്യക്തിത്വവും ജീവിതവും ഭദ്രമായി നിലനിർത്താൻ സഹായകമല്ലെങ്കിൽ പിന്നെ രാഷ്ട്രംകൊണ്ട് എന്ത് പ്രയോജനമാണുള്ളത്?''

ഈ ലേഖനത്തിൽനിന്ന് ഒരു കാര്യം വ്യക്തം. ആർ എസ് എസിൻെറ ദൃഷ്ടിയിൽ ഹിന്ദുക്കളും മുസ്ലീമിങ്ങളും ക്രിസ്ത്യാനികളും ദേശീയ ജനവിഭാഗങ്ങളാണ്. ഈ സങ്കൽപത്തിൻെറ അടിസ്ഥാനത്തിൽ ഇന്ത്യ ഒരു ബഹുദേശീയ രാജ്യമാണ്. ഭാഷാപരവും

സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേക വ്യക്തിത്വമുളള വിവിധ ദേശീയ ജനവിഭാഗങ്ങൾ അധിവസിക്കുന്നതുമൂലം ഇന്ത്യൻയൂണിയൻ ബഹുദേശീയമാണ് എന്ന അർത്ഥത്തിലല്ല അവരിതു പറയുന്നത്. അതുകൊണ്ടാണ് മതത്തെ രാഷ്ട്രീയത്തിൽ നിന്ന് വേർപെടുത്താനാവില്ലെന്നവർ വാദിക്കുന്നത്. ലേഖനത്തിൽ പറയുന്നു: "മതവും രാഷ്ട്രീയവും പരസ്പരം വിരുദ്ധമാണെന്നു പറയുന്നത് ലിബറൽ ഹ്യൂമനിസ്ററിക് മതം ഉദ്ഘോഷിക്കലാണ്. ഇന്ത്യൻ യൂണിയൻ എന്ന രാഷ്ട്രം ഹൈന്ദവതയെ പുറമെനിന്നുളള ആക്രമണത്തിൽനിന്നും കൂട്ടക്കൊലയിൽനിന്നും ആഭ്യന്തരമായ അടിച്ചമർത്തലിൽനിന്നും രക്ഷിക്കേണ്ടതായിട്ടില്ല, രക്ഷിക്കുകയുമില്ല, എന്നാണിതിനർത്ഥം. ലിബറൽ ഹ്യൂമനിസ്ററിക് ദേശീയവാദികൾ ഹിന്ദുദേശീയവാദികളോട് നല്ല ഇന്ത്യക്കാരനാവുന്നതിനുവേണ്ടി പൊതുജീവിതത്തിൽ ഹൈന്ദവത വിസ്മരിച്ച് ലിബറൽ ഹ്യൂമനിസ്ററാവാനും പറയുകയാണെങ്കിൽ അവർ ഹിന്ദുക്കളോട് പൂർണ വ്യക്തിത്വമില്ലാത്തവരാവാനാണ് പറയുന്നത്. സത്യസന്ധതയില്ലായ്മയിലേക്കും മാനസികവിഭ്രാന്തിയിലേക്കും രണ്ട് തരത്തിൽ ചിന്തിക്കുന്നതിലേക്കും ഇരട്ടനാക്കിൽ സംസാരിക്കുന്നതിലേക്കും അവരെ തളളിവിടുകയുമാണ് ചെയ്യുന്നത്."

1981 ഏപ്രിൽ 19–ൻെറ "ഓർഗനൈസറി"ൽ ആർ. എസ്. എസ്സിൻെറ സർ സഞ്ചാലക്കായ ബാലാസാഹേബ് ദേവരശിൻെറ ഒരു പ്രസംഗം കൊടുത്തിട്ടുണ്ട്. അതിലദ്ദേഹം ഹിന്ദുരാഷ്ട്രസിദ്ധാന്തത്തെ വിശദീകരിക്കുന്നുണ്ട്. ആർ. എസ്. എസ്. 'ഹിന്ദുരാഷ്ട്ര'മെന്ന പദപ്രയോഗത്തിന്പകരം'ഭാരതരാഷ്ട്രമെന്നപദം ഉപയോഗിക്കണമെന്ന ചിലരുടെ അഭിപ്രായത്തെ പരാമർശിച്ചുകൊണ്ട്, സംഘത്തിന് അതിന് യാതൊരു വിരോധവുമില്ലെന്നദ്ദേഹം പറഞ്ഞു. "ഞങ്ങളെ സംബന്ധിച്ചിടത്തോളം 'ഹിന്ദുരാഷ്ട്ര'വും 'ഭാരതരാഷ്ട്ര'വും പര്യായപദങ്ങളാണ്. എന്നാൽ ചിലർ എന്തുകൊണ്ടാണ് 'ഹിന്ദു' എന്ന പദത്തിനുപകരം 'ഭാരതീയ' എന്ന പദം വേണമെന്ന് നിർബന്ധം പിടിക്കുന്നത്? ഒരുപക്ഷെ, 'ഹിന്ദു' എന്ന പദത്തിന് എന്തോ കുറവുണ്ടെന്നും അനഭിലഷണീയമായ എന്തോ ചുവ അതിനുണ്ടെന്നും അവർ കരുതുന്നുണ്ടാവാം. ആത്മാഭിമാനമുളള ഏതെങ്കിലും ഹിന്ദു ഇത് സ്വീകരിക്കുകയും പകരം മറെറാരു പദം പ്രയോഗിക്കുന്നതിന് സമ്മതിക്കുകയും ചെയ്യുമോ? രണ്ടാമതായി, 'ഭാരതീയ'മെന്ന പദം വേണമെന്ന് നിർബന്ധംപിടിക്കുന്നവർ അർത്ഥമാക്കുന്നത് പ്രായോഗികമായ ഒരു സങ്കൽപത്തെയാണ്. യഥാർത്ഥത്തിൽ അവരങ്ങനെ പറയുന്നില്ലെന്നേയുള്ളു. 'ഭാരതീയ'മെന്ന പദം ഉപയോഗിക്കുകയാണെങ്കിൽത്തന്നെയും അതുൾക്കൊള്ളുന്ന അർത്ഥമെന്തെന്ന് വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഭാരതത്തെ മാതൃഭൂമിയായും അതിൻെറ പൗരാണികസംസ്കാരത്തെ തൻെറ അഭിമാനാർഹമായ പൈതൃകമായും അംഗീകരിക്കുന്ന ഒരാൾ ഭാരതീയനാണ്.

ഈ 'ഭാരതീയത' 'ഹിന്ദുത്വം' തന്നെയല്ലെന്നുണ്ടോ? അങ്ങനെ 'ഭാരതീയ' സങ്കൽപത്തെ വിശദീകരിക്കുന്നതിന് 'ഹിന്ദുത്വ'ത്തിലേക്ക് തിരിച്ചുവരേണ്ടതായിട്ടുണ്ട്. 'ഹിന്ദു' എന്നതിന്റെ സ്ഥാനത്ത് 'ഭാരതീയം' എന്നു പ്രയോഗിച്ച് ഈ വളഞ്ഞവഴിക്കുള്ള വിശദീകരണം നടത്തുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ഈ മാററത്തിനുവേണ്ടി വാദിക്കുന്നവർ ഈ കുറുക്കുവഴിയിലൂടെ വർഗീയത്വപ്രശ്നം പരിഹരിക്കാമെന്നാവാം കരുതുന്നത്. എന്നാൽ കുറുക്കുവഴി എപ്പോഴെങ്കിലും മനോഭാവത്തിൽ മാററം വരുത്തിയിട്ടുണ്ടോ?''

ആർ.എസ്. എസ് അതിന്റെ പ്രവർത്തനങ്ങൾ ഹിന്ദുദേശീയതയുമായും ഹിന്ദുരാഷ്ട്രസ്ഥാപനവുമായും ബന്ധപ്പെടുത്തിക്കൊണ്ട് ഊർജിതപ്പെടുത്തിയിരിക്കയാണെന്ന് ഇതിൽനിന്നെല്ലാം വളരെയേറെ വ്യക്തമാവുന്നുണ്ട്. ആർ എസ്. എസുകാരെ സംബന്ധിച്ചിടത്തോളം ഹിന്ദുക്കൾ മാത്രമാണ് ഇന്ത്യക്കാർ. ഇന്ത്യ എന്നത് ഹിന്ദുരാഷ്ട്രത്തിന്റെ പര്യായമാക്കുകയും വേണം.

ജൂതൻമാർക്കെതിരെ വിദ്വേഷം വളർത്തിയതിന് ഗോൾവാൾക്കർ ഹിററ്ലറെ പ്രശംസിച്ചത് യാദൃച്ഛികമല്ല; ഗോൾവാൾക്കർതന്നെ മുസ്ളിമിങ്ങൾക്കും ഇതര മതന്യൂനപക്ഷങ്ങൾക്കും എതിരായി വിദ്വേഷം ഉയർത്തിവിടുകയാണ് ചെയ്തത്. ''നാമും നമ്മുടെ ദേശീയതയും നിർവചിക്കപ്പെട്ടു'' എന്ന തന്റെ ആദ്യകാലത്തെഴുതിയ പുസ്തകത്തിൽ ഗോൾവാൾക്കർ ഇങ്ങനെ പറയുന്നു:

''വർണത്തിന്റെയും സംസ്കാരത്തിന്റെയും ശുദ്ധി നിലനിർത്തുന്നതിനുവേണ്ടി സെമററിക്‌വംശജരായ ജൂതൻമാരിൽനിന്ന ജർമനിയെ ശുദ്ധീകരിച്ചുകൊണ്ട് ജർമനി ലോകത്തെ ഞെട്ടിപ്പിച്ചു. വംശാഭിമാനം അതിന്റെ ഏററവും ഉയർന്ന തോതിൽ അവിടെ പ്രകടമായി. അടിവേരിലോളം ഭിന്നതയുള്ള വംശങ്ങൾക്കും സംസ്കാരങ്ങൾക്കും പൂർണമായ ഏകത്വത്തിൽ വിലയംപ്രാപിക്കുക അസാധ്യമാണെന്ന് ഹിററ്ലർജർമനി കാട്ടിക്കൊടുത്തു. ഹിന്ദുസ്ഥാനിലെ നമ്മെ സംബന്ധിച്ചിടത്തോളം സ്വീകാര്യമായ ഒരു നല്ല പാഠമാണത്.''

ഹിററ്ലറുടെ കാൽപ്പാടുകളെ പിന്തുടർന്നുകൊണ്ട്, മതന്യൂനപക്ഷങ്ങൾ പൗരാവകാശം പോലുമില്ലാതെ തികച്ചും കീഴ്‌വഴങ്ങിക്കൊള്ളണമെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം:

''ഹിന്ദുസ്ഥാനിലെ അഹിന്ദുക്കൾ ഹിന്ദുസംസ്കാരവും ഭാഷയും സ്വീകരിക്കണം, ഹിന്ദുമതത്തോട് ബഹുമാനാദരങ്ങൾ കാട്ടാൻ പഠിക്കണം, ഹിന്ദുവംശത്തെയും സംസ്കാരത്തെയും ഘോഷിക്കുന്നതല്ലാത്ത യാതൊരാശയവുംവെച്ചുപുലർത്താതിരിക്കണം. അതായത്, ഈ രാജ്യത്തോടും യുഗയുഗാന്തരങ്ങളായി നിലനിന്നുവരുന്ന അതിന്റെ സംസ്കാരത്തോടും അസഹിഷ്ണുതയുടേതും കൃത

ജ്ഞതാരാഹിത്യത്തിൻെറതുമായ സമീപനം കൈവെടിയണമെന്ന് മാത്രമല്ല, പകരം സ്നേഹത്തിൻേറതും ആദരവിൻേറതുമായ ക്രിയാത്മകസമീപനം കൈക്കൊള്ളുകയും വേണം—ഒററവാക്കിൽ പറഞ്ഞാൽ, അവർ വിദേശികളല്ലാതായിത്തീരണം. അല്ലെങ്കിൽ ഹിന്ദുരാഷ്ട്രത്തിന് പൂർണമായും കീഴ്വഴങ്ങിക്കൊണ്ടും യാതൊന്നും അവകാശപ്പെടാതെയും, പ്രത്യേകപെരുമാററം പോയിട്ട് യാതൊരവകാശങ്ങളും, പൗരാവകാശംപോലും, ആവശ്യപ്പെടുകയും അർഹിക്കുകയും ചെയ്യാതെ ഈ രാജ്യത്ത് കഴിയണം.''

വീണ്ടും വിനാശകരമായ സിദ്ധാന്തം: ഹിന്ദുക്കൾ മാത്രമാണ് ഇന്ത്യക്കാർ; ബാക്കിയുള്ളവരെല്ലാം വിദേശികളാണ്; അവരെ ആട്ടിപ്പായിക്കുകയോ പൗരത്വം നിഷേധിക്കുകയോ വേണം.

ഈ രാജ്യത്തെ എല്ലാ സമുദായങ്ങളെയും ആശ്ളേഷിക്കുന്ന ഇന്ത്യൻദേശീയതയെ പുച്ഛിച്ചുതള്ളിക്കൊണ്ട് ഗോൾവാൾക്കർ എഴുതുന്നു:

''പുനരുജ്ജീപ്പിക്കുവാൻ ശ്രമിക്കുന്നത് അസംബന്ധമായ ഒരു ദേശീയത്വമാണ്. കഴുതയുടെ തലയും കാളയുടെ കാലുകള ആനയുടെ ഉടലും ചേർത്ത ഒരു പുതിയ മൃഗത്തെ സൃഷ്ടിക്കാൻ ശ്രമിക്കുന്നതുപോലെയാണത്. അതൊരു ബീഭത്സതയായേ കലാശിക്കൂ. അത് ജീവനുള്ള ഒന്നാവില്ല. അതിൽ ചില ചലനങ്ങൾ കാണുന്നുണ്ടെങ്കിൽ അത് ജീർണിച്ച ജഡത്തിൽ പെററുപെരുകുന്ന അണുപ്രാണികളുടേതും രോഗബീജങ്ങളുടേതുമാണ്. നാമിന്നു കാണുന്നത് അതാണ്. അഴിമതിയുടെയും ജീർണതയുടെയും ദുഷിപ്പിൻെറയും ബീജങ്ങൾ നമ്മുടെ രാഷ്ട്രത്തിൻെറ മർമപ്രധാനമായ ഭാഗങ്ങൾ കാർന്നുതിന്നുകൊണ്ടിരിക്കയാണ്. പ്രാദേശികമായ ദേശീയത്വമെന്ന അസ്വാഭാവികവും അശാസ്ത്രീയവും നിർജീവവുമായ സങ്കരസങ്കൽപത്തെ പിന്തുടർന്നുകൊണ്ട് സ്വാഭാവികവും സജീവവുമായ ദേശീയത്വത്തെ കൈവെടിഞ്ഞതുകൊണ്ടാണിത്.''

ഹിന്ദുരാഷ്ട്രം രൂപപ്പെടുമ്പോൾമാത്രമേ ഇന്ത്യ യഥാർഥത്തിൽ സ്വതന്ത്രമാവുകയുള്ളുവെന്നാണ് ഗോൾവാൾക്കറുടെ മതം. അദ്ദേഹം പറയുന്നു:

''മണ്ണിൻെറ മക്കൾ എന്ന നിലക്ക് ഹിന്ദുസമാജം മാത്രമാണിവിടെ ജീവിക്കുന്നത്. അതൊരു ചരിത്രവസ്തുതയാണ്. അതിൻെറ നേർക്ക് കണ്ണടച്ചുകൊണ്ട് ഒരു പുതിയ ദേശീയജീവിതത്തിന് മുൻകയ്യെടുക്കാനുള്ള ശ്രമം വിജയിക്കയില്ല. സത്യത്തിന്നേർക്കുള്ള ഈ അവഗണനയാണ് ഇന്നത്തെ അന്തസ്സാരവിഹീനവും അഴിമതിനിറഞ്ഞതും ജീർണവുമായ ജീവിതത്തിൽ ചെന്നു കലാശിച്ചത്. ഹിന്ദുസമുദായത്തെ ഈ സത്യം, ഈ ശാശ്വതസത്യം, ബോധ്യപ്പെടുത്തണം. പരമാധികാര ഹിന്ദുരാഷ്ട്രത്തിൻെറ സ്ഥാപകദിനമായിരിക്കും നമ്മുടെ പുതിയ സ്വാതന്ത്ര്യദിനം. അത് ഭാവിശ്രേയസിന് തുടക്കം കുറിക്കുന്നതുമായിരിക്കും.''

ദൈവദത്തമെന്ന് കരുതപ്പെടുന്ന ജാതിവ്യവസ്ഥയുടേതായ എല്ലാ തരത്തിലുമുള്ള ഇരുണ്ട സങ്കൽപങ്ങളെയും ഗോറംവാറംക്കർ ഉയർത്തിപ്പിടിക്കുന്നു. ഇതിൽനിന്നൊക്കെ ആർ. എസ്. എസിൻെറ വിപൽക്കരമായ തത്വശാസ്ത്രവും വീക്ഷണവും കണ്ടെത്താൻ വിഷമമില്ല. അതിൻെറ സിദ്ധാന്തങ്ങറം ഇസ്ളാമികലോകത്ത് ഇന്ന് ശബ്ദമുയർത്തിവരുന്ന ഇസ്ളാമിക മതവിശ്വാസത്തിന് സമാനമാണ്.

ഈ സങ്കൽപങ്ങളുടെയും സിദ്ധാന്തങ്ങളുടെയുമെല്ലാം ഉന്നം വിവിധ ദേശീയ ജനവിഭാഗത്തിൽപെട്ട ജനങ്ങളെ മതത്തിൻെറ പേരിൽ ഭിന്നിപ്പിക്കുക എന്ന ഉദ്ദേശത്തോടെ വിവിധ രാജ്യങ്ങളിൽ വളർന്നുവരുന്ന ജനാധിപത്യപ്രസ്ഥാനത്തെ ശിഥിലീകരിക്കുക എന്നതാണ്. ദേശീയസ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്വം പരീക്ഷിച്ചുനോക്കിയ അതേ കളി തന്നെയാണ് അവരിന്ന വലംബിച്ചുവരുന്നത്. ബ്രിട്ടീഷുകാർ ആ ഘട്ടത്തിൽ ദ്വിരാഷ്ട്ര സിദ്ധാന്തത്തെ പ്രോത്സാഹിപ്പിക്കുകയും പാക്കിസ്താൻ സൃഷ്ടിക്കുകയും ചെയ്തു. സിക്കുകാർക്ക് ഒരു രാഷ്ട്രം ആവശ്യപ്പെടാൻ അവർ സിക്കുമതന്യൂനപക്ഷത്തെ പ്രോത്സാഹിപ്പിച്ചു. ദേശീയൈക്യം ശിഥിലമാക്കുന്നതിന് ഹിന്ദുസാമുദായികവാദികളെയും അവർ പ്രോത്സാഹിപ്പിച്ചു.

ബാലാസാഹേബ് ദേവരശും ആർ. എസ്. എസും രാജ്യത്തെ വൻകിട കുത്തകകളുടെയും വൻകിട കച്ചവടക്കാരുടെയും താൽപര്യം പരിരക്ഷിക്കുന്നതിനുവേണ്ടി സാമുദായികവിദ്വേഷം ഇളക്കിവിടാനും അങ്ങനെ ഭരണകക്ഷിക്കാർ പിന്തുടർന്നുവരുന്ന മുതലാളിത്ത വികസനപാതക്കെതിരായി യോജിച്ച ചെറുത്തുനിൽപ് വളരാതെ കഴിക്കാനും സർവാത്മനാ ശ്രമിച്ചുകൊണ്ടിരിക്കയാണ്. ഫ്യൂഡലിസവുമായി സഖ്യത്തിലേർപ്പെട്ടുകൊണ്ടും സാമ്രാജ്യത്വവുമായി കൂട്ടുകൂടിക്കൊണ്ടും ഭരണവർഗങ്ങറം പിന്തുടർന്നുവരുന്ന മുതലാളിത്ത പാത രാജ്യത്തെ ഇപ്പോഴത്തെ സാമ്പത്തികക്കുഴപ്പത്തിൽ ചെന്നെത്തിച്ചിരിക്കയാണ്. പല വേഷത്തിൽ ഇന്ന് തലപൊക്കിക്കൊണ്ടിരിക്കുന്ന മതസിദ്ധാന്തവാദങ്ങളെ എതിർത്ത് തോൽപ്പിക്കാൻ കഴിയാത്തിടത്തോളം ഇടതുപക്ഷ ജനാധിപത്യശക്തികറംക്ക് മുന്നേറുക സാധ്യമല്ല.

## സിക്കുരാഷ്ട്ര — ഖാലിസ്താൻ മുദ്രാവാക്യങ്ങൾ

ഈ രണ്ടാമത്തെ ലേഖനത്തിൽ നമുക്ക് സിക്ക് ദേശീയതത്വത്തിന്റെയും ഖാലിസ്താന്റെയും പ്രശ്നങ്ങളെക്കുറിച്ച് പര്യാലോചിക്കാം. ഹിന്ദുദേശീയതത്വത്തിന്റെയും ഹിന്ദുരാഷ്ട്രത്തിന്റെയും മറെറാരു പതിപ്പാണിത്. ഈ പ്രശ്നത്തെക്കുറിച്ചുള്ള ചർച്ചയിലേക്കു കടക്കുംമുമ്പ് അകാലിപാർടിയുടെ പശ്ചാത്തലത്തെക്കുറിച്ചു ചിലതു പറയാൻ ആഗ്രഹിക്കുന്നു. സിക്ക് കൃഷിക്കാർക്കിടയിൽ മുഖ്യസ്വാധീനമുള്ള ഒരു പാർടിയാണത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും നാട്ടുരാജാക്കൻമാർക്കുമെതിരായ പോരാട്ടത്തിൽ മഹത്തായ ഒരു ചരിത്രമാണ് അകാലിപാർടിക്കുള്ളത്.

അകാലിപാർടി അതിന്റെ ആദ്യനാളുകളിൽ ഈ രാജ്യത്തെ ഇടതുപക്ഷപ്രസ്ഥാനത്തിന് പൂർണപിന്തുണ നൽകിപ്പോന്നിരുന്നു. സിക്ക് കർഷകജനസാമാന്യത്തെ ദേശീയപ്രസ്ഥാനത്തിലേക്ക് കൊണ്ടുവന്നത് അകാലിപാർടിയായിരുന്നു. 1927—ൽ വർക്കേഴ്സ് ആൻറ് പെസൻറ്സ് പാർടി രൂപീകൃതമായപ്പോഗം അകാലിപാർടിയുടെ നേതൃത്വം അതിന് പൂർണപിന്തുണ നൽകി. അകാലിപാർടി നേതൃത്വം റഷ്യൻവിപ്ളവത്തിനു പിന്തുണ നൽകുകയും അതിന്റെ നേട്ടങ്ങളെ ഉദ്ഘോഷിക്കുകയും ചെയ്തു.

### വർഗീയപ്രവണത

എന്നാൽ 1930 കളിൽ പുതിയ ഭരണഘടനയെക്കുറിച്ചു വാദവിവാദങ്ങഗം നടക്കുകയും സാമുദായികാടിസ്ഥാനത്തിൽ പ്രത്യേക നിയോജകമണ്ഡലം നടപ്പാക്കുകയും ചെയ്തപ്പോഗം അകാലിപാർടിക്കകത്ത് ശക്തിയായ വർഗീയപ്രവണത രൂപംകൊണ്ടു. അന്നു പിന്നെ ഈ വർഗീയപ്രവണതയും ജനാധിപത്യപ്രസ്ഥാനവുമായി ഒട്ടിനിൽക്കാനാഗ്രഹിക്കുന്നവരും തമ്മിൽ പലപ്പോഴും ഏററുമുട്ടി. വർഗീയപ്രവണത പിന്തിരിപ്പൻ ഫ്യൂഡൽശക്തികളുമായി സന്ധിചെയ്തുകൊണ്ടുള്ളതാണ്. രാജ്യത്തിന്റെ വിഭജനഘട്ടത്തിൽ സിക്ക് നാട്ടുരാജാക്കൻമാർക്ക് ഈ വർഗീയപ്രവണതക്കാർ

രഹസ്യമായ പ്രേരണ നൽകി. മതത്തിന്റെ പരിവേഷമണിഞ്ഞ് തങ്ങളുടെ നാട്ടുരാജ്യാധികാരം സംരക്ഷിക്കാൻ ഈ രാജാക്കൻമാർ ആഗ്രഹിച്ചു. വളർന്നുവരുന്ന ദേശീയമുന്നേററത്തെ ഛിന്നഭിന്നമാക്കുന്നതിന് ബ്രിട്ടീഷ്സാമ്രാജ്യത്വം പാക്കിസ്താൻവാദക്കാരുടെ ദ്വിരാഷ്ട്രസിദ്ധാന്തത്തെ പ്രോത്സാഹിപ്പിച്ചു. അതേപോലെതന്നെ സിക്ക്ദേശീയത്വത്തിന്റെ പ്രശ്നം ഉയർത്തുകയും ഒരു പ്രത്യേക സിക്ക്രാഷ്ട്രത്തിനുവേണ്ടി വാദിക്കുകയും ചെയ്യുന്നതിനും അവർ സിക്കുകാരെ ഇളക്കിവിട്ടു. രണ്ടുകൊല്ലക്കാലത്തോളം ഈ ആശയം പ്രചരിപ്പിക്കപ്പെട്ടു. ഒടുവിൽ ജനാധിപത്യശക്തികൾ ഉറച്ചുനിന്നതിനെ തുടർന്ന് ഈ വാദം ഉപേക്ഷിക്കപ്പെട്ടു.

രാഷ്ട്രത്തിനാധാരമായത് മതമാണ്, ഭാഷാപരവും സാംസ്കാരികവുമായ സാദൃശ്യത്തോടുകൂടിയതും ഭൂപരമായി നിശ്ചിതാതിർത്തിയോടുകൂടിയതുമായ വംശവിഭാഗങ്ങളല്ല എന്നതാണ് ഈ സിദ്ധാന്തത്തിലടങ്ങിയ യുക്തിവാദം. ഈ യുക്തിചിന്തയാകെ പരിശോധിക്കാതെ മതത്തിന്റെ അടിസ്ഥാനത്തിൽ മുസ്ളീങ്ങളെ ഒരു രാഷ്ട്രമായി പരിഗണിക്കാമെങ്കിൽ അതേ അടിസ്ഥാനത്തിൽ സിക്കുകാരെ എന്തുകൊണ്ടങ്ങനെ പരിഗണിച്ചുകൂടാ എന്ന പ്രശ്നം അവർ ഉന്നയിച്ചു.

## പാക്കിസ്താന്റെ അനുഭവം

എന്നാൽ ഈ മുദ്രാവാക്യത്തിലടങ്ങിയ പിശക് വെളിപ്പെടാൻ ഏറെക്കഴിയേണ്ടിവന്നില്ല. പാക്കിസ്താൻ രൂപീകൃതമായശേഷം ഇരുപത്തിമൂന്നു കൊല്ലത്തിനുള്ളിൽ ബംഗ്ളാദേശിൽ സുശക്തമായ ഒരു ദേശീയപ്രസ്ഥാനം രൂപംകൊണ്ടു. പാക്കിസ്താൻ പിളരുന്നതിലേക്കതു ചെന്നെത്തി. പാക്കിസ്താനെ ഒന്നിപ്പിച്ചുനിർത്തിയിരുന്ന ഒരു പൊതുഘടകം മതം മാത്രമാണ്. ബംഗ്ളാദേശ് വിട്ടുപോയശേഷം, നിലവിലുള്ള പാക്കിസ്താനിലും ദേശീയപ്രശ്നം അതിനിശിതമായിത്തീർന്നിരിക്കുന്നു. പട്ടാള സ്വേഛാധിപതിയായ സിയാ ഉൾ ഹക്കിന്റെ മർദകവാഴ്ചക്ക് ഇസ്ളാമിക്ക് രാഷ്ട്രമുദ്രാവാക്യം ഒരു മറയായി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും പാകിസ്താനെ അധിവസിക്കുന്ന വിവിധ ദേശീയ ജനവിഭാഗങ്ങൾ—സിന്ധികൾ, ബലൂചികൾ, പത്താൻകാർ മുതലായവർ—ഗൗരവതരമായി സംസ്ഥാനസ്വയംഭരണാധികാരത്തിനുവേണ്ടി പോരാടിക്കൊണ്ടിരിക്കയാണ്.

വിവിധ ദേശീയ ജനവിഭാഗങ്ങളെ മറികടന്നുകൊണ്ട് പാക്കിസ്താനിൽ ഭരണം പുന:സംഘടിപ്പിക്കാൻ നേരത്തെ നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചില്ല. സ്റേററ് അസംബ്ളികൾ പുന:സ്ഥാപിക്കേണ്ടിവന്നു. അങ്ങനെ മുസ്ളീംദേശീയത്വത്തിനെ ആസ്പദമാക്കിയുള്ള പാക്കിസ്താൻമുദ്രാവാക്യത്തിന് പാക്കിസ്താന്റെ

മൂലരൂപം ഐക്യത്തോടെ നിലനിർത്താനോ പാകിസ്താൻെറ ഐക്യം ബലപ്പെടുത്താനോ കഴിഞ്ഞില്ല. എന്തെന്തു തീവ്രവാദപരമായ മുദ്രാവാക്യങ്ങൾ ഉയർത്തിയാലും പാക്കിസ്താനിലധിവസിക്കുന്ന വിവിധ ദേശീയ ജനവിഭാഗങ്ങൾക്ക് സാമ്പത്തിക–സാമൂഹ്യപുരോഗതിക്കുതകുന്ന തുല്യാവസരം ലഭിക്കാത്തപക്ഷം പാക്കിസ്താന് ഭദ്രത കൈവരിക്കാനാവില്ല. അതുപോലെതന്നെ ഇസ്ലാമിക് കോൺഫറൻസിനോ മതതത്വങ്ങൾക്കുവേണ്ടിയുള്ള വാദങ്ങൾക്കോ മുസ്ലീംരാഷ്ട്രങ്ങളെ ഒന്നിപ്പിച്ച് നിർത്താനാവില്ല. ഇറാനും ഇറാക്കും തമ്മിൽ ഇപ്പോൾ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ് വസ്തുത.

എന്നാൽ പാകിസ്താൻെറ അനുഭവത്തിൽനിന്നും കോൺഗ്രസുമായുള്ള ആദ്യത്തെ കൂട്ടുകെട്ടിൽനിന്നും ശരിയായ പാഠങ്ങൾ പഠിക്കാതെ സംസ്ഥാന പുന:സംഘടനകൾക്കുവേണ്ടിയുള്ള പ്രക്ഷോഭ കാലത്ത് അകാലികക്ഷി വീണ്ടും സിക്ക്ദേശീയതക്കും സിക്ക് രാഷ്ട്രത്തിനുംവേണ്ടിയുള്ള മുദ്രാവാക്യം വീണ്ടും ഉയർത്തി. എന്നാൽ ഈ മുദ്രാവാക്യങ്ങൾക്കുപിന്നിൽ ജനങ്ങളെ അണിനിരത്താൻ അവർക്ക് കഴിഞ്ഞില്ല. ഭാഷാടിസ്ഥാനത്തിൽ പഞ്ചാബ്സംസ്ഥാനം പുന:സംഘടിപ്പിക്കുകയെന്ന ജനാധിപത്യപരമായ ആവശ്യത്തിനു നേർക്ക് അകാലികക്ഷിക്ക് വീണ്ടുംആഭിമുഖ്യമുണ്ടായത്ഇടതുപക്ഷ–ജനാധിപത്യശക്തികളുടെ സമ്മർദംഹേതുവായി മാത്രമാണ്. പഞ്ചാബി സംസാരിക്കുന്ന ജനങ്ങളുടെയാകെ ആവശ്യമെന്ന നിലക്ക് അതവർ അവരിപ്പിച്ചപ്പോഴാണ് ജനാധിപത്യശക്തികളുടെ പിന്തുണ അവർക്ക് ലഭിച്ചതും വിജയം നേടാൻ കഴിഞ്ഞതും.

പക്ഷെ, അപ്പൊഴേക്കും പഞ്ചാബി സംസാരിക്കുന്ന ജനവിഭാഗങ്ങളുടെ ഐക്യത്തിന് കണക്കിലേറെ ദ്രോഹം വരുത്തിവെച്ചുകഴിഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ, ജനസംഘത്തിൻെറ നേതൃത്വത്തിലുള്ള ഹിന്ദുവർഗീയ വാദികൾ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുന:സംഘടിപ്പിക്കുന്നതിനെ എതിർക്കുകയെന്ന കാഴ്ചപ്പാടിൽ തങ്ങളുടെ മാതൃഭാഷയായ പഞ്ചാബിയെ തള്ളിപ്പറയാൻ തുടങ്ങിയിരുന്നു. 1951–ലെയും 1961–ലെയും സെൻസസുകളിൽ ഭൂരിപക്ഷം ഹിന്ദുക്കളും പഞ്ചാബിക്കു പകരം മാതൃഭാഷയായി രേഖപ്പെടുത്തിയിരുന്നത് ഹിന്ദിയാണ്.

ഇക്കാര്യം നന്നായറിയാമായിരുന്ന കേന്ദ്രഗവൺമെൻറാകട്ടെ, വികലമാക്കപ്പെട്ട ഈ സെൻസസിൻെറ അടിസ്ഥാനത്തിലാണ് പഞ്ചാബിസംസ്ഥാനം രൂപപ്പെടുത്തിയത്. പഞ്ചാബി സംസാരിക്കുന്ന പല പ്രദേശങ്ങളും സംസ്ഥാനത്തിന് പുറത്തവശേഷിച്ചു. ഇങ്ങനെ ചെയ്യുന്നത് സംസ്ഥാനത്ത് വർഗീയഭിന്നിപ്പ് ശാശ്വതമായി നിലനിൽക്കാനിടയാക്കുമെന്നും അവർക്ക് നന്നായറിയാമായിരുന്നു. ചണ്ഡിഗഢിൻെറയും പഞ്ചാബി സംസാരിക്കുന്ന പ്രദേശങ്ങളുടെയും പ്രശ്നം നാളിതുവരെ പരിഹൃതമാവാതെ അവശേഷി

ച്ചിരിക്കയാണ്. ഭാഷയുടെയും തൊട്ടുകിടക്കുന്ന പ്രദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ കേന്ദ്രഗവൺമെൻറിന് യാതൊരുദ്വേഗവും ഇല്ലതാനും.

കഴിഞ്ഞകാലാനുഭവങ്ങളിൽനിന്നു പാഠംപഠിക്കാതെ, സിക്ക് ന്യൂനപക്ഷങ്ങളോടുള്ള ചില വിവേചനനടപടികൾക്കെതിരായി യഥാർഥത്തിലുള്ള അസംതൃപ്തിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് അകാലിനേതൃത്വത്തിൽ ഒരു വിഭാഗം വീണ്ടും സിക്ക്ദേശീയത്വത്തിൻെറ മുദ്രാവാക്യം ഉയർത്താൻ തുടങ്ങിയിരിക്കുന്നു.

## ആനന്ദ്പൂർപ്രമേയം

ഈ പശ്ചാത്തലത്തിലാണ് 1973–ൽ ചരിത്രപ്രധാനമായ ആനന്ദ്പൂർ സാഹേബിൽ അകാലികക്ഷിയുടെ പൊതുയോഗംചേർന്ന് വളരെയേറെ സംഭാഷണവിഷയമായ ആനന്ദ്പൂർപ്രമേയം അംഗീകരിച്ചത്. ഈ പ്രമേയത്തിനു പല വ്യാഖ്യാനങ്ങളും നൽകപ്പെട്ടു. തീവ്രവാദികളിൽനിന്നു തങ്ങളെ വേർതിരിച്ചുകാണണമെന്നാഗ്രഹിച്ചിരുന്നവർ സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ പ്രമേയമെന്നു വാദിച്ചു. സിക്ക്ദേശീയത്വത്തിലധിഷ്ഠിതമായതാണ് ഈ പ്രമേയമെന്നു മററു ചിലർ അവകാശപ്പെട്ടു.

പ്രവർത്തനപരിപാടിയെ സംബന്ധിച്ച ഭാഗത്ത് സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം ഉണ്ടാവണമെന്നതിനെക്കുറിച്ച് പറയുന്നുണ്ടെങ്കിലും യഥാർഥത്തിൽ പ്രമേയം മുഖ്യമായും സിക്ക്ദേശീയത്വത്തിനുവേണ്ടി വാദിക്കുകയെന്ന വിപത്തുൾപ്പെട്ടതാണെന്ന് അതു പഠിക്കുന്ന ഏതൊരാൾക്കും കാണാൻ കഴിയും. സിക്കുകാരെ സംബന്ധിച്ചിടത്തോളം മതവും രാഷ്ട്രീയവും വേർപെടുത്താവുന്നതല്ലെന്ന് പ്രമേയത്തിൽ തുറന്നടിച്ചു പറഞ്ഞിരുന്നു. സിക്ക്പാരമ്പര്യത്തിലും സിക്കുകാരുടെ അവകാശങ്ങളിലും അധിഷ്ഠിതമായ സംസ്ഥാനത്തെക്കുറിച്ച് അതിൽ പറയുകയും ചെയ്തിട്ടുണ്ട്.

യഥാർഥത്തിൽ ഇപ്പോൾ തീവ്രവാദപരമായ മുദ്രാവാക്യത്തിൽ അസ്വസ്ഥരായ അകാലികക്ഷിനേതാക്കൾ അന്ന് ആനന്ദ്പൂർപ്രമേയത്തെ എതിർക്കാൻ മുതിരുകയുണ്ടായില്ല. ഈ പ്രമേയത്തിൽ അന്തർഭവിച്ചിരുന്ന ഗൗരവസ്ഥിതിയോ അത് ഏകകണ്ഠമായംഗീകരിച്ചാൽ അതെവിടേക്ക് നയിക്കുമെന്നതിനെക്കുറിച്ചോ അവർ മനസ്സിലാക്കിയിരുന്നില്ല. ഈ പ്രമേയം അകാലികക്ഷിയുടെ തുടർന്നുള്ള സമ്മേളനങ്ങളിൽ വലിയ വിവാദങ്ങളൊന്നും കൂടാതെ അംഗീകരിച്ചുപോന്നു. ഭാഗ്യത്തിന് പ്രായോഗികപ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം പ്രമേയം പരണത്തുകെട്ടിവെച്ച മട്ടിൽ അവശേഷിച്ചു. അടിയന്തരാവസ്ഥ അവസാനിക്കുന്നതുവരെ അകാലികക്ഷി അതിനെതിരായ സമരത്തിൽ ഏർപ്പെടുകയും സത്യഗ്രഹങ്ങളും മററും

നടത്തുകയും ചെയ്തുപോന്നു. തുടർന്ന് അകാലിനേതൃത്വത്തിൽ അകാലി–ജനതാ കൂട്ടുകക്ഷി ഗവൺമെൻറ് രൂപീകരിക്കപ്പെട്ടു.

അധികാരരാഷ്ട്രീയത്തിൻെറ അടിയന്തരപരിത:സ്ഥിതി, ഈ പ്രമേയം അനിശ്ചിതത്വത്തിൽ വിടുന്നതിന് സഹായകമായി. 1980–ൽ ഇന്ദിരാഗാന്ധി അധികാരത്തിലേക്ക് തിരിച്ചുവരികയും അകാലികക്ഷിയിലെ ആഭ്യന്തരക്കുഴപ്പം ഒരു പിളർപ്പിലേക്ക് എത്തുകയും ചെയ്തശേഷം മാത്രമാണ് പഴയ മുദ്രാവാക്യം പുനരുജ്ജീവിപ്പിക്കുന്നതിൽ ഇരുവിഭാഗങ്ങളും തമ്മിൽ മത്സരം ആരംഭിച്ചത്. ഇന്നിപ്പോഠം അവർ സംസ്ഥാനത്തെ ജനങ്ങഠംക്കിടയിൽ വർഗീയവികാരം കുത്തിപ്പൊക്കുന്ന തിരക്കിലാണ്. കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും കോൺഗ്രസ് (ഇ) ഗവൺമെൻറുകളുടെപിന്തിരിപ്പൻ സാമൂഹ്യ–സാമ്പത്തികനയങ്ങഠംക്കെതിരായും ഏകാധിപത്യത്തിനെതിരായ സമരങ്ങളിലും തൊഴിലാളിവർഗത്തിൻെറയും കർഷകരുടെയും മററധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും വളർന്നുവരുന്ന ഐക്യത്തിന് അങ്ങനെ അതു പ്രതിബന്ധം സൃഷ്ടിക്കുന്നു.

## വിദ്യാഭ്യാസ സമ്മേളനം

സിക്ക് വിദ്യാഭ്യാസസമ്മേളനത്തിൽ ആധ്യക്ഷം വഹിക്കാൻ ഇന്ത്യൻവംശജനായ, ഒരമേരിക്കൻ പൗരനായ ഒരു ഗംഗാസിങ്ങ് ധില്ലനെ ക്ഷണിക്കുന്നത് ഉചിതമാണെന്ന് കരുതിയത് യാദൃച്ഛികമല്ല. ബ്രിട്ടീഷ് ഭരണകാലത്ത് ദേശീയപ്രസ്ഥാനത്തെ എതിർക്കാൻ പടച്ചുണ്ടാക്കിയതും ഇതേവരെ നിഷ്ക്രിയമായി കഴിഞ്ഞിരുന്നതുമായ ഫ്യൂഡൽ ഭൂപ്രഭുക്കളുടെ ഒരു സംഘടനയായ ഖാൽസാദിവാൻെറ ഒരു വിഭാഗമാണ് ഈ കോൺഫറൻസ്. ഈ ധില്ലനാകട്ടെ, കഴിഞ്ഞ മൂന്നു കൊല്ലമായി പാക്കിസ്താനിലെ സിയാ ഉഠംഹക്കിൻെറ സുഹൃത്തെന്ന നിലയിൽ സ്വയം പ്രസിദ്ധീകരണം നൽകിവരുന്നയാളാണ്. പലതവണ അദ്ദേഹം പാക്കിസ്താൻ ജനറലിനെ കണ്ടു സംഭാഷണം നടത്തുകയും ചെയ്തിരുന്നു. പാക്കിസ്താനിലെ സിക്ക്ക്ഷേത്രങ്ങഠം തൻെറ നങ്കനാസാഹിബ് ഫൗണ്ടേഷനു വിട്ടുകിട്ടുന്നതിനെക്കുറിച്ചാണ് ഈ സംഭാഷണങ്ങഠം നടത്തിയതെന്നാണ് പുറമേക്ക് ഭാവിച്ചിരുന്നത്. ഈ ഫൗണ്ടേഷനിൽ രണ്ടു ഡയറക്ടർമാർ അമേരിക്കൻ കോൺഗ്രസുകാരാണ്. സമ്മേളനവുമായി ബന്ധപ്പെട്ട മറെറാരാഠം യു. കെ. ആസ്ഥാനമാക്കിയ ഡോ: ജഗ്ജിത്സിങ്ങാണ്.

ധില്ലൻ തൻെറ അധ്യക്ഷപ്രസംഗത്തിൽ സ്വയം ഒരു രാഷ്ട്രമായി പ്രഖ്യാപിക്കാനും പിന്നീട് സിക്ക്രാഷ്ട്രത്തിനുവേണ്ടി പോരാടാനും സിക്കുസമുദായത്തെ ആഹ്വാനം ചെയ്തു. ഈ സന്ദർഭത്തിലാണ് സിക്കുകാരുടെ ഒരു തീവ്രവാദി വളണ്ടിയർ സംഘടനയായ ദഠം-ഖാൽസാംഗങ്ങഠം ഖാലിസ്താനനുകൂലമായി സമ്മേളനപ്പന്ത

ലിൽ മുദ്രാവാക്യംമുഴക്കിയത്.

ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ സമ്മേളനം പാസ്സാക്കിയ അമ്പതു പ്രമേയങ്ങളിൽ രണ്ടെണ്ണം അതിൻെറ ലക്ഷ്യം നല്ലപോലെവ്യക്തമാക്കി. ഒന്നാമത്തെ പ്രമേയത്തിൽ ''സിക്കുരാഷ്ട്രം തങ്ങളുടെ പ്രത്യേക അസ്തിത്വവും ദേശീയപാരമ്പര്യങ്ങളും നിലനിർത്തുകയെന്ന ലക്ഷ്യത്തോടെ തങ്ങളുടേതായ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു''വെന്ന് പ്രസ്താവിച്ചുകൊണ്ട് അവശ്യം ആവശ്യമായിട്ടുള്ളത് രാഷ്ട്രത്തിൻെറ ലക്ഷ്യങ്ങൾ നേടുന്നതിനെക്കുറിച്ച് പറയുകയും 'രാഷ്ട്രത്തിൻെറ അഭിലാഷങ്ങളെക്കുറിച്ച്' ഊന്നിപ്പറയുകയും ആണെന്ന് പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്.

## അകാലിനേതാക്കളുടെ നിലപാട്

ഇന്ത്യാസന്ദർശനത്തിനിടക്ക് ഗംഗാസിങ്ങ് ധില്ലൻ ചില അകാലിനേതാക്കളെ കാണുകയും രണ്ടുനാരംക്കകം പ്രശ്നത്തിന് ചൂടുപിടിക്കുകയും ചെയ്തു. ഗുരുദ്വാരാ പ്രബന്ധക് കമ്മിററി പ്രസിഡണ്ട് സർദാർ ഗുർചരൺസിങ്ങ് തൊഹ്റ മത്സരത്തിൽ പിന്നിലായിപ്പോകാൻ ഇഷ്ടപ്പെടുന്നില്ല; അദ്ദേഹം 'സിക്ക്രാഷ്ട്ര' മുദ്രാവാക്യത്തിന് പൂർണപിന്തുണ നൽകി. അകാലി താഖ്തിൻെറ മുഖ്യപുരോഹിതനും സിക്ക്രാഷ്ട്രത്തെ ശരിവെച്ചുകൊണ്ട് ഒരു പ്രസ്താവന ചെയ്തു.

മാർച്ച് 20–ന് ഹോളമൊഹല്ല ആഘോഷവേളയിൽ ദൾ–ഖാൽസ, ആനന്ദ്പൂർ സാഹിബിൽ ഖാലിസ്താന് പിന്തുണ നൽകിക്കൊണ്ട് ഒരു പ്രകടനം നടത്തി. ഈ പ്രകടനത്തിൻെറ പുതുമ ഖാലിസ്താൻെറ അതിർത്തികൾ വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ഭൂപടവും പ്രകടനക്കാർ ഉയർത്തിപ്പിടിച്ചിരുന്നുവെന്നതാണ്. ഈ സന്ദർഭത്തിൽ അകാലികളുടെ രണ്ടുവിഭാഗക്കാരും യോഗംചേർന്ന് നേരത്തെ പരാമർശിച്ച ആനന്ദ്പൂർപ്രമേയത്തിൻെറ സന്ദേശവാഹകരായിത്തീർന്നു.

വളരെ ദുർബലാവസ്ഥയിലുള്ള തൽവാണ്ടി അകാലിദൾ പിന്തുണയാർജിക്കാൻ 'സിക്ക്രാഷ്ട്ര' മുദ്രാവാക്യം ഉയർത്തിയെന്നു മാത്രമല്ല, അതിൻെറപേരിൽ ഒരു പ്രക്ഷോഭം തുടങ്ങുമെന്ന് ഭീഷണി ഉയർത്തുകയും ചെയ്തു. ആനന്ദ്പൂർപ്രമേയത്തിൻെറ മുഖ്യ ഉള്ളടക്കം സിക്ക്രാഷ്ട്രമാണെന്നാണവരുടെ പക്ഷം. അകാലിദളിൻെറ മുഖ്യവിഭാഗമായ അകാലിദളും (ലോംഗോവാൽ) ഒട്ടും പിന്നിലല്ല എസ്. ജി. പി. സി. (പഞ്ചാബിലെ സിക്ക്ക്ഷേത്രങ്ങളുടെ ഭരണനിർവഹണത്തിന് പ്രായപൂർത്തിവോട്ടിൻെറ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ഒരു സമതിയാണിത്) വാർഷികയോഗത്തിൽ സിക്കുകാർ ഒരു രാഷ്ട്രമാണെന്ന് പ്രസ്താവിക്കുന്ന ഒരു പ്രമേയം ഏകകണ്ഠമായി അംഗീകരിച്ചു. ഈ പ്രമേയം അവതരി

പ്പിച്ചത കട്ടെ അകാലിദം പ്രസിഡൻറായ സാന്ത്ഹർ ചരൺസിങ്ങ് ലോംഗോവാൽതന്നെയാണ്.

തുടർന്ന് ഏപ്രിൽ 13–ന് വൈശാഖി ആഘോഷം വന്നെത്തി. താൽവാണ്ടി അകാലിദം ഒരു യോഗം ചേർന്ന് സിക്കുകാർ ഒരു രാഷ്ട്രമാണെന്ന പ്രമേയം പാസ്സാക്കി. 1973–ലെ ആനന്ദ്പൂർ പ്രമേയം ആവർത്തിച്ചുറപ്പിച്ചുകൊണ്ട് പ്രതിരോധം, കറൻസി, കമ്യൂണിക്കേഷൻ, വിദേശകാര്യം എന്നിവകൊണ്ട് തൃപ്തിപ്പെട്ടുകൊള്ളാൻ കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെടുകയും ചെയ്തു. താൽവാണ്ടി അകാലിദം ജനറൽസെക്രട്ടറി പ്രഖ്യാപിച്ചു: ''സിക്കുകാർ ഒരു രാഷ്ട്രമല്ലെന്ന് വല്ലവരും പറഞ്ഞാൽ ഞങ്ങം അയാളുടെ നാക്കരിയും.'' മററൊരു നേതാവ് താക്കീതു നൽകി: ''ഞങ്ങളുടെ പ്രമേയം ഉടൻ നടപ്പാക്കിയില്ലെങ്കിൽ ഒരേ ഒരു വിഷയം—കമ്യൂണിക്കേഷൻ—കേന്ദ്രത്തിന് നീക്കിവെച്ച് ബാക്കിയെല്ലാം സ്റേററിന് മാററുകയല്ലാതെ മററൊരു മാർഗമില്ല.'' അവിടെവെച്ച് അവർ മോർച്ച ആരംഭിക്കുകയും ചെയ്തു. മോർച്ച ഇതേവരെയായും ഏതാനും നേതാക്കളിൽ ഒതുങ്ങിമാത്രം തൂങ്ങിനിൽക്കുകയല്ലാതെ ബഹുജനങ്ങളുടെ ഭാഗത്തുനിന്നും കാര്യമായ പ്രതികരണമൊന്നുമില്ല.

## അലംഭാവം അരുത്

എന്നാൽ നാം അലംഭാവം കൈക്കൊണ്ടുകൂട. എന്തുകൊണ്ടെന്നാൽ അകാലികളുടെ വലിയ വിഭാഗം 'സിക്ക് രാഷ്ട്ര'ത്തിന് വേണ്ടി പരസ്യമായി വാദിക്കുന്നു. തീർച്ചയായും കഴിഞ്ഞ ഒരു കൊല്ലമായി യോജിച്ചസമരങ്ങളിൽ ഉംപ്പെട്ടിട്ടുള്ള അകാലിനേതൃത്വത്തിലെ ഒരു വിഭാഗത്തിന് ഇതിൽ വൈഷമ്യം അനുഭവപ്പെടുന്നുണ്ട്. അവരിൽ ഏതാനുംപേരൊഴികെ മററുള്ളവർക്ക് തങ്ങളുടെ പാർടിക്കകത്തെ മതസിദ്ധാന്തവാദികളെ പരസ്യമായി എതിർക്കാൻ ധൈര്യമില്ല. അവർ നിശ്ചലരായതുപോലെ തോന്നുന്നു. ഇതുതന്നെയും വിപൽക്കരമായ ഭവിഷ്യത്തുളവാക്കും. ഇത്തരം പ്രവണതകളെ തുടക്കത്തിൽ എതിർത്ത്തോൽപിക്കുക എളുപ്പമാണ്. എന്നാൽ പിന്നീട് ഈ ആശയം ജനഹൃദയങ്ങളിൽ നുഴഞ്ഞു കയറിക്കഴിഞ്ഞാൽ അതിനെ എതിർക്കുക വിഷമമായിത്തീരും.

സിക്ക്രാഷ്ട്രത്തിനുവേണ്ടി വാദിക്കുന്ന ദം–ഖാൽസ ഉയർത്തിയ ഖാലിസ്താൻ മുദ്രാവാക്യവുമായി തങ്ങം വ്യത്യസ്തരാണെന്നു കാണിക്കാൻ ശ്രമിക്കുന്ന അകാലിനേതാക്കം നിൽക്കക്കള്ളിയില്ലാത്ത നിലയിലാണ്. ഒരുവേള സിക്ക് ദേശീയത്വസിദ്ധാന്തം അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ മതാധിഷ്ഠിത ഖാലിസ്താൻ അതിൻെറ യുക്തിയുക്തമായ പരിണാമമായിത്തീരും. ഒരുവേള മതവും രാഷ്ട്രീയവും തമ്മിൽ വേർപെടുത്താവുന്നതല്ലെന്ന

സിദ്ധാന്തത്തിനുവേണ്ടി വാദിച്ചാൽ പിന്നെ മതരാഷ്ട്രത്തിനുവേണ്ടിയുള്ള അവകാശവാദം ഒഴിവാക്കാനാവില്ല. അപ്പോഠം സിക്കുരാഷ്ട്രത്തിനുവേണ്ടി വാദിക്കുന്നവർക്ക് തങ്ങഠം ഖാലിസ്താൻവാദക്കാരിൽനിന്ന് വ്യത്യസ്തരാണെന്നു കാണിക്കാൻ ശ്രമിച്ചുകൊണ്ട് ജനങ്ങളെ കബളിപ്പിക്കാനാവില്ല.

സിക്ക്രാഷ്ട്ര മുദ്രാവാക്യമുയർത്തുന്നവരുടെ വാദം ക്വാം എന്ന പദത്തെപ്പിടിച്ചാണ്. ഈ പദം നേരത്തെ ദേശീയനേതാക്കഠം സിക്കുകാരെക്കുറിച്ചുപയോഗിച്ചിരുന്നുവെന്നും ഈ പദം ഇംഗ്ളീഷിലേക്ക് പരിഭാഷപ്പെടുത്തിയാൽ അതിനർഥം നേഷൻ എന്നാണെന്നുമാണവരുടെ വാദം. അവർ ആശയക്കുഴപ്പം സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. സിക്കുകാരെക്കുറിച്ച് ഈ പദം ഉപയോഗിച്ചിരുന്നത് ഒരു മതന്യൂനപക്ഷം എന്ന നിലക്കാണ്; അല്ലാതെ ഭൂമിശാസ്ത്രപരമായ അസ്തിത്വത്തോടുകൂടിയ വംശവിഭാഗം എന്ന നിലക്കല്ല.

നാഷണാലിററിയുടെ പ്രശ്നം നമുക്ക് വഴിയെ പരിശോധിക്കാം. എന്നാൽ ഒരുകാര്യം ഇവിടെ പറഞ്ഞുകൊള്ളട്ടെ. 1947–ലെ വിഭജനം ദൗർഭാഗ്യത്തിന് പഞ്ചാബിദേശീയത്വത്തിനൊരു പ്രഹരമാണ് ഏൽപിച്ചത്. അത് കിഴക്കൻപഞ്ചാബും പടിഞ്ഞാറൻപഞ്ചാബുമെന്ന നിലക്ക് രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. പഞ്ചാബിദേശീയത്വം ഭൂപരമായി തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലധിവസിക്കുന്ന ജനങ്ങഠം അടങ്ങിയതാണ്. ഒരേ വംശവിഭാഗത്തിൽപ്പെട്ടവരും ഒരേ ഭാഷ സംസാരിക്കുന്നവരും ഒരേ സാംസ്കാരികപൈതൃകമുള്ളവരുമാണവർ. ഇക്കാര്യത്തിൽ സിക്കുകാർ ഒരേ ദേശീയത്വമുള്ള ഹിന്ദുക്കളിൽനിന്നും കൃസ്ത്യാനികളിൽനിന്നും മുസ്ളീങ്ങളിൽനിന്നും വ്യത്യസ്തരല്ല. പഞ്ചാബിഭാഷക്കും സമ്പദ്സ്ഥിതിക്കും സംസ്കാരത്തിനും വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ടവർ നൽകിയ സംഭാവനകഠം ആർക്കെങ്കിലും നിഷേധിക്കാനാവുമോ? പ്രസിദ്ധ കവിയായ വാറിസ്ഷാ പഞ്ചാബിലെ ഏതൊരു ഗൃഹത്തിലും സ്മരിക്കപ്പെടുന്നു. എല്ലാസമുദായങ്ങളിൽപ്പെട്ടവരും അദ്ദേഹത്തിൻെറ കൃതികഠം ചൊല്ലുന്നു.

## തെററായ സങ്കല്പം

സിക്കുരാഷ്ട്രമെന്നത് സിക്ക്മതം രാഷ്ട്രീയത്തിൽനിന്നഭേദ്യമാണെന്ന തെററായ സങ്കൽപത്തിലധിഷ്ഠിതമാണ്. ഒരു വർഗസമുദായത്തിൽ വിഭിന്ന വർഗങ്ങളുടെ–ചൂഷകരുടെയും ചൂഷിതരുടെയും–രാഷ്ട്രീയം അവരൊക്കെ ഒരുമതസമൂഹത്തിൽ ഉഠംപ്പെട്ടവരാകാമെന്നതുകൊണ്ട് ഒന്നാവുന്നതെങ്ങനെയെന്ന് മനസ്സിലാവുന്നില്ല. സിക്കുമുതലാളിമാർ യാതൊരു വ്യത്യാസവും കൂടാതെ, തൊഴിലാളികളെ ചൂഷണംചെയ്യാൻ ഹിന്ദു, മുസ്ളീം, കൃസ്ത്യൻ മുതലാളിമാരോടൊപ്പം ചേരുന്നു. മിച്ചമൂല്യത്തിൻെറ പങ്ക് ആവശ്യപ്പെടു

പോാം മററുള്ളവരെയെന്നപോലെ സിക്ക്തൊഴിലാളികളെയും തച്ച മർത്തുന്ന കാര്യത്തിൽ അവർ യാതൊരു ദാഷിണ്യവും കാണിക്കുന്നില്ല. സിക്കുമുതലാളിമാരുടെ രാഷ്ട്രീയം ചൂഷകരുടെ രാഷ്ട്രീയമാണ്. ഏതു വർഗത്തിൻെറ രാഷ്ട്രീയമാണ് അകാലിനേതൃത്വം കൈക്കൊള്ളുക?

അതുപോലെതന്നെ ഒരുവശത്ത് ഭൂപ്രഭുക്കളും മറുവശത്ത് കർഷകത്തൊഴിലാളികളും ചെറുകിടകൃഷിക്കാരും തമ്മിലും താൽപര്യസംഘട്ടനങ്ങളുണ്ട്. അകാലിരാഷ്ട്രത്തിനുവേണ്ടി വാദിക്കുന്ന അകാലികക്ഷി ഇതിൽ ആരുടെഭാഗത്താണ് നിലകൊള്ളുക? മതത്തെക്കുറിച്ച് പറയുന്നവർ, ഏതൊരു മതസമൂഹത്തിലും ചൂഷകരും ചൂഷിതരുമുണ്ടെന്നകാര്യം അവഗണിക്കുന്നു. അവർ ഫലത്തിൽ ആ മതത്തിൽപ്പെട്ട ബഹുഭൂരിപക്ഷം വരുന്ന ജനസാമാന്യത്തിനെതിരെ നിക്ഷിപ്തക്കാരുടെ പിന്നിലാണ് അണിനിരക്കുക.

രാജ്യത്തെ ആഴംകൂടിവരുന്ന സാമ്പത്തികപ്രതിസന്ധി എല്ലായിടത്തും വർഗസമരം മൂർഛിപ്പിച്ചിരിക്കുന്നു. തൊഴിലാളിവർഗത്തിൻെറയും ജീവനക്കാരുടെയും കർഷകരുടെയും യോജിച്ച പ്രസ്ഥാനങ്ങാം വളർന്നുവരികയാണ്. അധ്വാനിക്കുന്ന ജനസാമാന്യം കോൺഗ്രസ് (ഇ) പ്രതിനിധാനം ചെയ്യുന്ന ബൂർഷ്വാ—ഭൂപ്രഭു വർഗങ്ങളുടെ നയങ്ങളെ ചെറുക്കുന്നു. ആ നയങ്ങാംക്കു പകരം ഒരിടതുപക്ഷ—ജനാധിപത്യബദൽ കെട്ടിപ്പടുക്കാൻ അവർ പാടുപെടുന്നു. ഇതിന് എല്ലാ ജാതി—മതസ്ഥരുമായ സ്ഥാപിതതാൽപര്യങ്ങാംക്കും അവരുടെ കോൺഗ്രസ് (ഇ) ഗവൺമെൻറിനും എതിരായി എല്ലാ ജാതി മതങ്ങളിലുംപെട്ട അധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യം അവശ്യം ആവശ്യമാണ്.

ഹിന്ദുരാഷ്ട്രം, ഹിന്ദു നേഷൻ, സിക്ക് നേഷൻ, ഖാലിസ്താൻ എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളെല്ലാം ഈ പ്രസ്ഥാനത്തെ ഛിന്നഭിന്നമാക്കാനുദ്ദേശിക്കപ്പെട്ടവയാണ്. അവരുടെ നേതാക്കാം എന്തെന്തവകാശവാദങ്ങാം കൊണ്ടുവന്നാലും ശരി, അവരുടെ ഉദ്ദേശം ഭൂപ്രഭുക്കളെയും കുത്തകകളെയും സഹായിക്കുകയാണ്. ജനങ്ങളുടെ അസംതൃപ്തി ശിഥിലീകരണമാർഗത്തിലേക്കു തിരിച്ചുവിടുന്നതിന് ജാതിഭിന്നതകളും സാമുദായികഭിന്നതകളും ഉാംപ്പെടെ എല്ലാ മാർഗങ്ങളും ഉപയോഗിച്ചു തങ്ങളുടെ വാഴ്ച നിരന്തരമായി നിലനിർത്തുകയാണ് ഭൂപ്രഭുക്കാംക്കും കുത്തകകാംക്കും ആവശ്യം

## സിക്കകാർക്ക് ഹാനികരം

ഈവക മുദ്രാവാക്യങ്ങാം ഒരു മതന്യൂനപക്ഷമെന്ന നിലക്ക് സിക്കുകാർക്ക് ഹാനികരമാണ്. ഇത്തരം മുദ്രാവാക്യങ്ങളുയർത്തുന്നതിലൂടെ അകാലിനേതൃത്വം സിക്കുകാരെ ദേശീയ മുഖ്യധാരയിൽ

നിന്ന് ഒററപ്പെടുത്തും. അതു കടുത്ത വർഗീയവാദികളെ ശക്തിപ്പെടുത്താനേ ഉതകൂ. അവരാകട്ടെ, തങ്ങളുടെ ഊഴം വരുമ്പോഠം ഹിന്ദുരാഷ്ട്രമെന്ന ആവശ്യത്തിന് ഊക്കു കൂട്ടും. അതു നമ്മുടെ സമൂഹത്തിൻെറ മതേതര ജനാധിപത്യാടിത്തറക്ക് അളവററ ഹാനി വരുത്തിവെക്കും. വിഭാഗീയ ശിഥിലീകരണശക്തികളെ കെട്ടഴിച്ചുവിടുകയും ചെയ്യും. വിവിധസംസ്ഥാനങ്ങളിൽ ജോലിയെടുത്തു ജീവിക്കുന്ന സിക്കുകാരുടെനേർക്ക് അത് ശത്രുതാമനോഭാവം സൃഷ്ടിക്കും. കേന്ദ്രത്തിലെ ഏകാധിപത്യശക്തികളെ സഹായിക്കാൻ മാത്രമേ അതുതകൂ.

സാമുദായിക മുദ്രാവാക്യങ്ങളവലംബിക്കുകയും ഫ്യൂഡൽശക്തികളുമായി സന്ധിചെയ്യുകയും ചെയ്തപ്പോഴെല്ലാം തളരുകയും പരാജയപ്പെടുകയുമാണുണ്ടായിട്ടുള്ളതെന്ന കാര്യം അകാലിനേതാക്കഠം മനസ്സിലാക്കണം; ജനാധിപത്യപ്രശ്നങ്ങഠം കയ്യാളുകയും രാജ്യത്തെ ജനാധിപത്യപ്രസ്ഥാനവുമായി യോജിക്കുകയും ചെയ്തപ്പോഴൊക്കെ വമ്പിച്ച പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യവും അവർ മനസ്സിലാക്കണം. ഇന്നുതന്നെയും പഞ്ചാബിലെ ജനാധിപത്യപ്രസ്ഥാനത്തിൻെറ ഭാവി കുടികൊള്ളുന്നത് മതവിശ്വാസങ്ങഠം പരിഗണിക്കാതെ പഞ്ചാബിലെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഐക്യത്തിലാണ്.

## ജമാഅത്തെ ഇസ്ലാമി—ആർ. എസ്. എസിൻെറ ഇസ്ലാംപതിപ്പ്

ജമാഅത്തെഇസ്ലാമി ഒരു സംഘടനയെന്നരൂപത്തിൽ ജൻമംകൊണ്ടത് 1940–41–ലാണ്. സ്വാതന്ത്ര്യത്തിനുമുമ്പുള്ള കാലഘട്ടത്തിൽ ബ്രിട്ടീഷ്സാമ്രാജ്യത്വത്തിൻെറ താൽപര്യങ്ങൾക്ക് വിടുപണി ചെയ്യുന്നതിനായി തീവ്രമതവികാരങ്ങളുടെ പേരിൽ രൂപംകൊണ്ട ഈ സംഘടനയുടെ ലക്ഷ്യം ദേശീയപ്രസ്ഥാനത്തിന് തുരങ്കംവെക്കുക എന്നതായിരുന്നു. കഴിഞ്ഞ നാലഞ്ചുവർഷമായി ഈ സംഘടന അതിൻെറ പ്രവർത്തനങ്ങൾ നമ്മുടെരാജ്യത്ത് വളരെയേറെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

പാകിസ്താനിൽ ജനങ്ങളുടെ എല്ലാ ജനാധിപത്യാവകാശങ്ങളെയും അടിച്ചമർത്തുകയും എല്ലാ രാഷ്ട്രീയപാർടികളെയും നിരോധിക്കുകയും ആയിരക്കണക്കിന് രാഷ്ട്രീയപ്രവർത്തകരെ തടവിലാക്കുകയും ഇസ്ലാമിക രാഷ്ട്രീയത്തിൻെറ പേരിൽ ആ രാജ്യത്തിലെ ഭരണഘടന സ്വേച്ഛാധിപത്യപരമായി പൊളിച്ചെഴുതുകയും ചെയ്ത സിയാവുൾ ഹക്കിൻെറ പട്ടാളഭരണത്തിന് സജീവ പിന്തുണ നൽകുന്ന സംഘടനയാണ് ജമാഅത്തെ ഇസ്ലാമി. ഭൂട്ടോവിനെതൂക്കിക്കൊന്നപ്പോൾ അതിന് പരസ്യമായി പിന്തുണ നൽകിയവരാണ് ആ സംഘടനക്കാർ; മാത്രമല്ല ഇന്ത്യയിലവർ മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. അങ്ങനെ സിയാവുൾഹക്കിൻെറ ഈ ക്രൂരകൃത്യത്തെയപലപിക്കുന്ന, മുസ്ലീങ്ങടങ്ങിയ ലക്ഷക്കണക്കിന് ജനങ്ങളുടെ വികാരങ്ങളെ അവർ നീചമായി മുറിവേൽപ്പിക്കുകയും ചെയ്തു.

ബംഗ്ളാദേശിലാകട്ടെ, അവിടത്തെ വിമോചനസമരത്തിന് എതിരായിരുന്ന ജമാഅത്തെ ഇസ്ലാമി, ്രസിയാവുർ റഹ്മാൻെറ പട്ടാളഭരണകൂടത്തിന് പൂർണമായ പിന്തുണ നൽകുകയും (മെയ് മൂന്നാം വാരത്തിലെഴുതിയതാണ് ഈ ലേഖനം (പ:) അവിടത്തെ എല്ലാ ജനാധിപത്യശക്തികളെയും എതിർക്കുകയും ചെയ്യുന്നു.

ഹൈദരാബാദ് സമ്മേളനം

ഇന്ത്യയിൽ ഈയടുത്ത കാലത്താണ്, മാർച്ച്മാസത്തിലാണ്, ഹൈദരാബാദിൽവെച്ച് ജമാഅത്തെ ഇസ്ളാമിയുടെ ആറാം സമ്മേളനം ചേർന്നത്. ഈ സംഘടന ഇന്ത്യയിൽ നടത്തിക്കൊണ്ടിരിക്കുന്ന കുത്സിതപ്രവർത്തനങ്ങൾ കാരണം, അവരുടെ ഈ സമ്മേളനം ജനശ്രദ്ധ ആകർഷിക്കുകയുണ്ടായി. വിദേശരാജ്യങ്ങളുടെ ശ്രദ്ധയും അതാകർഷിക്കുകയുണ്ടായി. മുസ്ളീംജനങ്ങളുള്ള എല്ലാ രാജ്യങ്ങളിൽനിന്നും പ്രതിനിധികളെ ക്ഷണിക്കുവാൻ ജമാഅത്തെയുടെ ഭാരവാഹികൾ പരിപാടിയിട്ടിരുന്നു. ചില രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ എത്തിച്ചേർന്നുവെങ്കിലും മററ് ചില രാജ്യങ്ങളിലെ പ്രതിനിധികൾക്ക് വിസ നിഷേധിക്കപ്പെട്ടതുകാരണം, വന്നെത്താൻ കഴിഞ്ഞില്ല. എന്നാൽ അവർ തങ്ങളുടെ സന്ദേശം അയക്കുകയുണ്ടായി. ഈ സമ്മേളത്തിന് വിജയങ്ങൾ ആശംസിച്ചുകൊണ്ട് സന്ദേശമയക്കാത്ത ഓരൊററ അമേരിക്കനനുകൂല ഭരണകൂടവും മുസ്ളീം ലോകത്തിലില്ല എന്നത് വളരെ ശ്രദ്ധേയമാണ്. ഇങ്ങനെ സന്ദേശമയച്ചവരിൽ സൗദി അറേബ്യയിലെ ഖാലീദ്രാജാവും ജോർദാനിലെ ഹുസൈൻരാജാവും ഉൾപ്പെടുന്നു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും ഒരു സന്ദേശമയക്കുകയുണ്ടായി. ഈ സമ്മേളനം നാലുദിവസം നീണ്ടുനിന്നു. ഈ സമ്മേളനം കൈക്കൊണ്ട തീരുമാനങ്ങളും അവിടെ നടന്ന ചർച്ചകളും രാജ്യത്തിലെ ജനാധിപത്യ പ്രസ്ഥാനങ്ങളിൽ താൽപര്യമുള്ളവർക്കാർക്കുമവഗണിക്കാൻ സാധ്യമല്ല.

തങ്ങളുടെ രാജ്യങ്ങളിലെ മുസ്ളീംജനസാമാന്യത്തെ ദാരിദ്ര്യത്തിലും പട്ടിണിയിലും നിരക്ഷരതയിലും ആഴ്ത്തിയിട്ടിരിക്കുന്ന, മൂന്നാംലോകരാജ്യങ്ങളിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഐക്യത്തെ തകർക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഇസ്ളാംരാജ്യങ്ങളുടെ ഒരു സംഘടന കെട്ടിപ്പടുത്തുകൊണ്ട് ഇസ്ളാമിൻെറ പേരിൽ ചൂഷകഭരണകൂടങ്ങളെ ഒന്നിപ്പിക്കാൻ ശ്രമിക്കുന്ന മുസ്ളീംരാജ്യങ്ങളിലെ പിന്തിരിപ്പൻ ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങളെ ഈ സമ്മേളനം പ്രകീർത്തിച്ചു. തങ്ങളുടെ സാമ്രാജ്യത്വയജമാനൻമാരുടെ താൽപര്യങ്ങളെ സേവിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. പാലസ്തീൻ ജനതയുടെ ദേശീയവിമോചന പ്രസ്ഥാനത്തെ അടിച്ചമർത്താൻ അമേരിക്കൻസാമ്രാജ്യത്വം പാടുപെടുകയും അറബിജനതയുടെ ഐക്യം തകർക്കുക, സിയോണിസ്ററ് വിരുദ്ധമുന്നണിയെ ദുർബലമാക്കുക എന്നീ ഉദ്ദേശത്തോടെ ക്യാമ്പ് ഡേവിഡ് കരാർ നടപ്പാക്കുവാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്ന ഒരു സന്ദർഭത്തിലാണ് ഇസ്ളാമികരാഷ്ട്രങ്ങളുടെ സംഘടന രൂപീകരിക്കപ്പെട്ടത് എന്ന വസ്തുത സർവവിദിതമാണല്ലോ.

ആറുകൊല്ലത്തിനുശേഷമാണ് ജമാഅത്തെ ഇസ്ളാമിയുടെ ഈ സമ്മേളനം കൂടുന്നത്. സാമ്രാജ്യത്വരാജ്യങ്ങളോട് അവർ കാണിച്ച

സൗഹൃദ പ്രകടന പ്രകർഷം, പ്രത്യേകിച്ചും പാകിസ്താനിലെ ജനാധിപത്യത്തിൻെറ ആരാച്ചാരായി തീർന്നിട്ടുള്ള സ്വേച്ഛാധിപതിയായ സിയാ ഉാം ഹക്കിനോട് പ്രകടിപ്പിച്ച സാഹോദര്യം, പ്രത്യേകം ശ്രദ്ധേയമാണ്.

സിയാ ഉാം ഹക് കൊണ്ടുവന്ന പുതിയ ഭരണഘടനയെ പുകഴ്ത്താൻ വാക്കുകാം കിട്ടാതെ പ്രസംഗകർ വിഷമിക്കുകയായിരുന്നു. അതൊക്കെ കേട്ടാൽ തോന്നും, അവിടെ സന്നിഹിതനായിരുന്നില്ലെങ്കിലും അദ്ദേഹമായിരുന്നു അവിടെ മുഖ്യാതിഥിയെന്ന്.

## ചൂഷകരുടെ പാദസേവകർ

ഹിന്ദുരാഷ്ട്രം എന്ന മുദ്രാവാക്യം പ്രചരിപ്പിക്കുന്ന ഹിന്ദുവർഗീയതചത്തിൻെറ കടന്നാക്രമണശക്തികളെ കൂടുതൽ ശക്തിപ്പെടുത്തുന്ന തരത്തിലുള്ളതായിരുന്നു, ആ സമ്മേളനത്തിൽ നടന്ന ചർച്ചകളും പ്രസംഗങ്ങളും. ജമാഅത്തെയുടെ പ്രവർത്തനങ്ങാം ആർ. എസ്'. എസിനെ ശക്തിപ്പെടുത്തും; തങ്ങളുടെ താൽപര്യങ്ങാം സംരക്ഷിക്കുന്നതിന് സംയുക്തസമരങ്ങാം നടത്തുന്നതിന് യോജിക്കേണ്ട ഹിന്ദുക്കളെയും മുസ്ളീങ്ങളെയും അത്, വർഗീയമായി കൂടുതൽ വിഭജിക്കുകയും ചെയ്യും. അവരുടെ രേഖകാം വസ്തുനിഷ്ഠമായി പഠിക്കുന്ന ഒരാാക്ക് മുസ്ളീങ്ങളുടെ ദാരിദ്ര്യം, പിന്നോക്കാവസ്ഥ, പാപ്പരീകരണം തുടങ്ങിയവയെക്കുറിച്ചും അവരുടെ നില മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും മററും അവിടവിടെ പറഞ്ഞുവെച്ചിട്ടുള്ളത് വെറും ആലങ്കാരികമായ ഉദ്ദേശ്യത്തോടുകൂടിയാണെന്ന് വ്യക്തമാവും. യഥാർഥത്തിൽ ഊന്നൽകൊടുത്തിട്ടുള്ളത് മുഴുവൻ, സംയുക്ത സംഘടനകളിൽനിന്ന് മുസ്ളീങ്ങളെ ഒററപ്പെടുത്തുന്നതിനും അങ്ങനെ ജനങ്ങളെ ഭിന്നിപ്പിച്ച് നിർത്തണമെന്ന് ആഗ്രഹിക്കുന്ന ചൂഷകവർഗങ്ങളുടെ താൽപര്യങ്ങളെ സേവിക്കുന്നതിനുമാണ്.

ഈ രാജ്യത്തിലെ മുസ്ളീം ജനസംഖ്യയിൽ മഹാഭൂരിപക്ഷവും വ്യവസായത്തൊഴിലാളികളും കർഷകത്തൊഴിലാളികളും കൈത്തൊഴിൽക്കാരും കൃഷിക്കാരും ചെറുകച്ചവടക്കാരും മററുമാണെന്ന് എല്ലാവർക്കുമറിയാം; അവരുടെ താൽപര്യങ്ങളാകട്ടെ, വിവിധ മതവിശ്വാസങ്ങാം വെച്ചുപുലർത്തുന്ന തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും കൃഷിക്കാരുടെയും കൈത്തൊഴിൽക്കാരുടെയും മററും താൽപര്യങ്ങളുമായി ദൃഢമായി ബന്ധപ്പെട്ടുകിടക്കുകയും ചെയ്യുന്നു. സംയുക്ത സംഘടനകളിൽ പ്രവർത്തിച്ചുകൊണ്ട് അവർക്ക് തങ്ങളുടെ താൽപര്യങ്ങാം കുറെയൊക്കെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. എന്നാൽ അധ്വാനിക്കുന്ന ഈ ജനലക്ഷങ്ങളുടെ ക്ഷേമത്തെക്കുറിച്ച് ഈ സമ്മേളനത്തിൻെറ സംഘാടകർക്ക് യാതൊരു ഉൽക്കണ്ഠയുമില്ലെന്ന് തോന്നും, സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട മുദ്രാവാക്യങ്ങാം കേട്ടാൽ.

## ഇസ്ലാമിക മുദ്രാവാക്യങ്ങൾ

ജമാഅത്തെയുടെ പ്രമേയത്തിൽ താഴെപ്പറയുന്ന കാരുങ്ങൾ വളരെ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്:

1 ഇസ്ലാമികരാജ്യങ്ങളുടെ സംഘടന മുസ്ലീംരാജ്യങ്ങൾക്ക് വികസനത്തിൻെറ ശരിയായ പാത കാണിച്ചുകൊടുക്കുകയാണ്.

2 ഇസ്ലാംശരിയത്ത്നിയമം നടപ്പാക്കലാണ്, ഇന്ത്യൻ മുസ്ലീമങ്ങളുടെ മോചനത്തിനുള്ള മാർഗം.

3 ഇസ്ലാമിൻെറ ശത്രുവാണ് കമ്യൂണിസം.

4 എല്ലാ പ്രവർത്തനമേഖലകളിലും മുസ്ലീങ്ങൾക്ക് അവരുടെ സ്വന്തം സംഘടനകൾ വേണം.

5 മററുള്ളവരെ മുസ്ലീംമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണം.

ജമാ അത്തെ ഇസ്ലാമിയുടെ ഉദ്ദേശ്യങ്ങൾ ഇതിൽനിന്ന് മനസ്സിലാക്കാൻ വിഷമമുണ്ടാവില്ലല്ലോ. പാലസ്തീൻ വിമോചന സംഘടനയുടെ നേതാവായ യാസ്സർ അരാഫത്ത് കഴിഞ്ഞ കൊല്ലം ഇന്ത്യ സന്ദർശിച്ചപ്പോൾ, അദ്ദേഹത്തിനെതിരായി പ്രകടനം സംഘടിപ്പിച്ചവർ ഈ ജമാ അത്തെ ഇസ്ലാമിയുടെ വിദ്യാർഥിവിഭാഗമായിരുന്നുവെന്നത് യാദൃച്ഛികമായിരിക്കുകയില്ലല്ലോ. സാമ്രാജ്യത്വ—പിൻതിരിപ്പൻ ശക്തികളെ സേവിക്കുകയാണ് ജമാഅത്തെ ഇസ്ലാമി എന്നതിന് ഇനി മറെറന്ത് തെളിവാണ് ആവശ്യമായിട്ടുള്ളത്?

ഈ അടുത്തയിടെയായി, അവർ അതിർത്തിസംസ്ഥാനമായ ജമ്മു—കാശ്മീരിൽ തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതപ്പെടുത്തിയിട്ടുണ്ട്. മെക്കയിലെ ഇമാമിനെ അവർ അവിടേക്ക് ക്ഷണിക്കുകയുണ്ടായി. തങ്ങളുടെ വിദ്യാർഥിവിഭാഗത്തിലൂടെ സംസ്ഥാനത്തെ ജനാധിപത്യ—പുരോഗമനശക്തികൾക്കെതിരെ അവർ കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീനഗർ യൂണിവേഴ്സിററിയിൽ സോവിയററ് യൂണിയൻെറ നേട്ടങ്ങളെക്കുറിച്ച് നടത്താനുദ്ദേശിച്ചിരുന്ന പ്രദർശനം നടത്താൻ അവർ സമ്മതിച്ചില്ല. ഈ സംഘടനക്ക് പിന്തുണയായി അറബിരാജ്യങ്ങളിൽനിന്ന് വളരെയേറെ പണം ഇന്ത്യയിലേക്ക് വന്നുകൊണ്ടിരിക്കുന്നുണ്ട് എന്ന് മെയ് ഒന്നാം വാരത്തിൽ പാർലമെൻറിൽ ഒരു ചോദ്യത്തിനുത്തരമായി ആഭ്യന്തരകാര്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ആർ. എസ്. എസുകാർ ഹിന്ദുവർഗീയവാദികളുടെ കാഴ്ചപ്പാടിൽനിന്ന് ഉന്നയിച്ചുകൊണ്ടിരിക്കുന്ന അതേ മുദ്രാവാക്യങ്ങൾതന്നെയാണ്, ജമാ അത്തെ ഇസ്ലാമിക്കാർ, മുസ്ലീംകാഴ്ചപ്പാടിൽനിന്നുകൊണ്ട് ഉന്നയിക്കുന്നത്.

## ആദ്യംതൊട്ടേ പിന്തിരിപ്പൻ

ജമാഅത്തെ ഇസ്ലാമിയുടെ ആരംഭംതൊട്ടുള്ള അതിൻെറ ലഘുലേഖകളും രേഖകളും വായിക്കുന്ന ഒരാറംക്ക്, ആദ്യംതൊട്ട് തന്നെയുള്ള അതിൻെറ പിന്തിരിപ്പൻസ്വഭാവം വ്യക്തമാവും.

പഞ്ചാബിലെ പത്താൻകോട്ടിലാണ് അതിൻെറ സ്ഥാപകസമ്മേളനം നടത്തപ്പെട്ടത്, 1941–ൽ. അധ്യക്ഷൻ മൗലാനാ അബ്ദുൾ ആലി മൗദൂദിയായിരുന്നു. ആ സ്ഥാപകസമ്മേളനത്തിൽ 70 പേരേ സംബന്ധിക്കുകയുണ്ടായുള്ളു. മററുള്ള സംഘടനകളെല്ലാം ദേശീയസ്വാതന്ത്ര്യസമരത്തിൽ മുഴുകിയിരുന്ന ആ സന്ദർഭത്തിൽ, ആ സമരത്തിൽനിന്ന് മുസ്ലീങ്ങളെ ഒഴിച്ചുനിർത്തുക എന്നതായിരുന്നു ആ സംഘടനയുടെ സ്ഥാപനോദ്ദേശ്യം.

''ദുവാതെ–ജമായത്ത്–ഇസ്ലാമി'' എന്ന അവരുടെ പുസ്തകത്തിൽ, ദേശീയവും ഭൂപരവുമായ അതിർത്തികറംക്കൊക്കെയുപരി തങ്ങറം പ്രവർത്തിക്കുമെന്നും വാദിക്കുമെന്നും അവർ പ്രഖ്യാപിച്ചു. ഏതെങ്കിലും പ്രത്യേക രാജ്യത്തിൻെറയോ സമുദായത്തിൻെറയോ താൽക്കാലികവും നിസ്സാരവുമായ പ്രശ്നങ്ങളിൽ തങ്ങറം ഇടപെടുകയില്ലെന്നും തങ്ങളുടെ പ്രസ്ഥാനം ഇസ്ലാം ആണെന്നും അവരുടെ നേതാക്കൻമാർ അവകാശപ്പെട്ടു. അവരിങ്ങനെ അവകാശപ്പെട്ടു:

''അതിൻെറ വിശ്വാസങ്ങളും ലക്ഷ്യങ്ങളും സംഘടനയുടെ ഘടനയും സംവിധാനവും എല്ലാംതന്നെ, പരമ്പരയാ ഇസ്ലാമിൻേറത് എങ്ങനെയായിരുന്നുവോ അതുപോലെതന്നെയാണ്. അതിന് യോജിച്ച ഒരേ ഒരു പേർ ജമാ അത്തെ ഇസ്ലാമി എന്നാണ്. ഇസ്ലാമിൻെറ ലക്ഷ്യങ്ങറം നേടിയെടുക്കാനായി, ഇസ്ലാംസിദ്ധാന്തങ്ങറംക്കനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട്, ഈ പ്രസ്ഥാനത്തിന് ഇസ്ലാമികമല്ലാതെ മറെറാന്നുമായിരിക്കാൻ കഴിയില്ല.'' വിവിധ രാഷ്ട്രീയ പാർടികളിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ അത് തങ്ങളുടെ അണികളെ ഉപദേശിച്ചു.

വിദേശഭരണത്തിനെതിരായി രാജ്യംമുഴുവൻ ഒരു കടുത്ത സമരത്തിലേർപ്പെട്ടുകൊണ്ടിരിക്കുമ്പോറം, ഇവിടത്തെ സ്വാതന്ത്ര്യകാംക്ഷികളായ ജനങ്ങറംക്കെതിരായിട്ടാണ് ജമാ അത്തെക്കാർ പ്രവർത്തിച്ചത്. സാമ്രാജ്യത്വത്തിൻെറ കൈകളെയാണവർ ശക്തിപ്പെടുത്തിയത് ജനാധിപത്യം, സോഷ്യലിസം, മതേതരത്വം തുടങ്ങിയവയുടെ എല്ലാ തത്വങ്ങറംക്കും എതിരായി അവർ പരസ്യമായി പ്രസംഗിച്ചു ദേശീയതക്ക് എതിരായി പരസ്യമായി പ്രചാരണം നടത്തിയ അവർ, ദേശീയപ്രസ്ഥാനത്തിൽ പങ്കെടുക്കാതിരിക്കാൻ മുസ്ലിമ്ങ്ങളെ നിർബന്ധിച്ചു. മൗലാനാമൗദൂദി ദേശീയതയെ പരസ്യമായി അധിക്ഷേപിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''ഇത് സ്വീകരിക്കുക എന്നതിനർത്ഥം, ലോകത്തിൻെറ മുഴുവൻ താൽപര്യങ്ങളേക്കാ

ളുപരി നിങ്ങളുടെ ദേശത്തിന്റെ താൽപര്യത്തിന് പ്രാധാന്യം നൽകുക എന്നതാണ്. ദേശത്തിന് സഹായകമാകുന്ന ഒരു മാർഗം നിർദയം പിൻതുടരുക എന്നതാണ്. ദേശത്തിനു ഹാനികരമാകുന്ന പ്രവർത്തനങ്ങളെ നിർബന്ധപൂർവം തടയുക എന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ ലോകത്തിലെ മററു ഭാഗങ്ങളെയോ മററു രാഷ്ട്രങ്ങളെയോ മാനവികതയെ മൊത്തത്തിലോ അതിന്റെ ധാർമികതയെയോ എങ്ങനെ ബാധിക്കുമെന്ന ചിന്തയേ നിങ്ങൾക്ക് ഇല്ല.''

## സ്വാതന്ത്ര്യസമരത്തിനെതിരെ

ഒരു മുസ്ലീമായിരിക്കെത്തന്നെ ഒരു രാജ്യസ്നേഹിയോ ദേശീയവാദിയോ സോഷ്യലിസ്ററോ ആയിരിക്കുന്നതിനെക്കുറിച്ച് മൗലാനയ്ക്ക് വിഭാവനംചെയ്യാൻ കഴിയുമായിരുന്നില്ല. സ്വാതന്ത്ര്യസമരത്തിൽ, മററു മതവിഭാഗങ്ങളിലെ തങ്ങളുടെ സഹോദരൻമാരോടൊപ്പം പങ്കെടുക്കുന്ന ദേശീയമുസ്ലീങ്ങളെ അദ്ദേഹം അധിക്ഷേപിക്കുകയും ചെയ്തു. അവരെപ്പററി അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''ഈ ശുദ്ധാത്മാക്കൾക്ക് ഇസ്ലാം എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നതിനെപ്പററി ഒരു വിവരവുമില്ല; അഥവാ, മററു മതവിശ്വാസങ്ങളെപ്പററി യാതൊരു വിവരവുമില്ല; ഒരുപക്ഷെ, അവർക്ക് ഒരു ചുക്കും അറിവില്ലായിരിക്കാം. പരസ്പരം എതിരായി നിൽക്കുന്ന രണ്ടു മതവിശ്വാസങ്ങളെ ഒപ്പം സേവിക്കാൻ ഒരു മനുഷ്യന് സാധ്യമേയല്ല.| ഇങ്ങനെ പരസ്പരവിരുദ്ധമായ വിശ്വാസങ്ങൾ സ്വീകരിക്കുന്ന ഒരു വ്യക്തി ഒരേസമയം ഒരു ധർമാനുസാരിയും യഥാസ്ഥിതികത്വത്തിൽനിന്ന് വ്യതിചലിക്കുന്നവനും ആയിരിക്കും; ഒന്നിനോട് വിശ്വസ്തതയുള്ളവനും മറേറതിനോട് വഞ്ചന കാട്ടുന്നവനും ആയിരിക്കും. ഒരുപക്ഷെ, അവനൊരു ഹിപ്പോക്രാററും രണ്ടുപക്ഷത്തെയും ചതിക്കുന്നവനും ആയിരിക്കും. ഒരു മുസൽമാന് ഒരു മുസൽമാനായിരിക്കാൻ മാത്രമേ കഴിയുകയുള്ളു; മറെറാന്നുമായിരിക്കാൻ കഴിയില്ല. താൻ മറേറതെങ്കിലുംകൂടിയാണെന്ന് അവൻ അവകാശപ്പെടുന്നുണ്ടെങ്കിൽ അവൻ, പ്രവാചകൻ വിഭാവനംചെയ്തപോലുള്ള ഒരു മുസ്ലീം ആയിരിക്കുകയില്ല, അള്ളാ കരുതുന്നപോലുള്ള ഒരു യഥാർഥ മുസ്ലീമായിരിക്കില്ല എന്ന് ഞാൻ നിങ്ങളോട് തറപ്പിച്ചുപറയുന്നു.''

അദ്ദേഹത്തിന്റെ നിർവചനമനുസരിച്ച് സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ പങ്കെടുത്ത മുസ്ലീം ഉലേമമാരും നേതാക്കളും, ഇസ്ലാമിന്റെ പരിധിക്കുപുറത്തായിരിക്കും. അതുകൊണ്ടാണ് ജമായത്ത് ഉലേമ കോൺഗ്രസ്പ്രസ്ഥാനത്തിൽ പങ്കെടുത്തപ്പോൾ, ജമായത്ത് ഉലേമയുടെ മുഖപത്രമായ ''അൽ ജമായത്തി''ന്റെ പത്രാധിപസ്ഥാനത്തുനിന്നും മൗലാനാ മൗദൂദി രാജിവെച്ചത്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർ തെററായ വഴിയിലൂടെ നയിക്കപ്പെട്ട

വരാണെന്നും സ്വാതന്ത്ര്യം എന്ന ആശയംതന്നെ ഇസ്ലാമികവിരുദ്ധമാണെന്നും പറയുന്നതുവരെ, ചെന്നെത്തി അദ്ദേഹം.

മുൻ ആർ. എസ്. എസ്. നേതാവായ അന്തരിച്ച ഗോൾവാൾക്കറുടെ കാഴ്ചപ്പാടുമായി (''വി ഓർ അവർ നാഷൻഹുഡ് ഡിഫൈൻഡ്'' എന്ന തൻെറ പുസ്തകത്തിൻെറ ആമുഖത്തിൽ അദ്ദേഹം അത് പ്രകടിപ്പിച്ചിട്ടുണ്ട്.) പ്രകടമായ സാമ്യമുണ്ട് മൗദൂദിയുടെ ഈ കാഴ്ചപ്പാടിന്.

മുൻ ആർ. എസ്. എസ്. നേതാവിനെപ്പോലെത്തന്നെ മൗലാനാ മൗദൂദിയും ഹിററ്ലറുടെ ഒരു വലിയ ആരാധകനാണ്. എല്ലാ പ്രശ്നങ്ങളെക്കുറിച്ചും ഏററവും പിൻതിരിപ്പനായ കാഴ്ചപ്പാടാണ് മൗലാനക്കുള്ളത്.

പാക്കിസ്താനിലെ കോൺസ്ററിററുവൻറ് അസംബ്ളിയിൽ ഭൂപരിഷ്കരണത്തെക്കുറിച്ചുള്ള പ്രശ്നം ഉന്നയിക്കപ്പെട്ടപ്പോൾ, അദ്ദേഹമതിനെതിരായി പരസ്യമായ നിലപാട് കൈക്കൊണ്ടു. ഭൂപ്രഭുക്കളുടെ ഭൂ അവകാശം ഒട്ടുംതന്നെ കുറക്കരുതെന്നും അവരുടെ അധികാരങ്ങൾ ഒട്ടുംതന്നെ വെട്ടിക്കുറക്കരുതെന്നുമദ്ദേഹം വാദിച്ചു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ അത് ഇസ്ളാംവിരുദ്ധമാണ്. അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''ജൻമിത്വം നിയമവിരുദ്ധമാണെന്ന് സിദ്ധാന്തിക്കുന്നവരും അതവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നവരും ഇസ്ളാമികനിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരാണ്.''(1950 ജൂൺ 26)

ഒരു ഇസ്ളാമികരാഷ്ട്രത്തിൽ യുദ്ധത്തടവുകാരെ അടിമകളാക്കിവെക്കാമോ? സ്ത്രീകളെ അടിമകളെപ്പോലെ വിൽക്കുന്നത് അനുവദിക്കാമോ? ഭാര്യമാർക്ക് പുറമെ സ്തീകളെ വെപ്പാട്ടികളാക്കിവെക്കുന്നതിൽ നിയന്ത്രണമുണ്ടാകുമോ? ഈ ചോദ്യങ്ങൾക്കദ്ദേഹം ഇങ്ങനെ തുറന്നടിച്ച മറുപടി പറഞ്ഞു: ''യുദ്ധത്തടവുകാരെയടിമകളാക്കിവെക്കുകയും സ്ത്രീകളെ വെപ്പാട്ടികളാക്കിവെക്കുകയും അവരെ വിൽക്കുകയും മററ് ശരിയത്ത് നിയമത്തിൻെറ ഒരു ഭാഗമാണ്: ഇസ്ലാമിന് അതിലഭിമാനമുണ്ട്.''

ഹിന്ദുദേശീയത്വത്തെയാണ് കോൺഗ്രസ് പ്രതിനിധീകരിച്ചത് എന്നതുകൊണ്ട് മൗലാനാ കോൺഗ്രസിനെ എതിർത്തു. സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ ഇന്ത്യൻജനതയുടെ ഐക്യം വളർന്നുവരുന്നതിൻെറ നേരെ കണ്ണടച്ചുകൊണ്ട് നമ്മുടെ സാമൂഹ്യജീവിതത്തിലെ ശോഭായമാനമായ ഒരു വശത്തെ കളങ്കപ്പെടുത്താനുള്ള ജുഗുപ്സാവഹമായ ഒരു പരിശ്രമമാണ് അതെന്നദ്ദേഹം പറഞ്ഞു. ജനാധിപത്യരീതിയിലുള്ള ഗവൺമെൻറിനെതിരായി അദ്ദേഹം പരസ്യമായി രംഗത്തുവന്നു. മതേതരത്വത്തിനും അദ്ദേഹം എതിരാണ്. അതിനെയദ്ദേഹം 'നിർദൈവത്വം' എന്നാണ് വിളിച്ചത്. ദേശീയത്വം, രാജ്യസ്നേഹം, ജനാധിപത്യം എന്നിവയെയും അതുപോലെ ജനങ്ങ

ളാൽ തെരെഞ്ഞെടുക്കപ്പെട്ട ഗവൺമെൻറിനേയും അദ്ദേഹം എതിർത്തു.

## പാക്കിസ്ഥാന്ന് പിന്തുണ

ഈ തത്വങ്ങളെ അപലപിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ''നമ്മുടെ കാഴ്ചപ്പാടിൽ ഈ തത്വങ്ങളെല്ലാം തെററാണ്. അവ തെററാണെന്ന് മാത്രമല്ല, ഇന്ന് മനുഷ്യസമൂഹത്തെ ബാധിച്ചിട്ടുള്ള എല്ലാ വിനകൾക്കും യഥാർഥ മൂലകാരണം അവയാണെന്നുകൂടി നമ്മൾ ദൃഢമായി വിശ്വസിക്കുന്നു. നമ്മുടെ എതിർപ്പ് ഈ തത്വങ്ങളോടാണ്; നമ്മുടെ ശക്തിയെല്ലാം സംഭരിച്ച് നാമവയെ എതിർക്കും.''

മതേതരത്വത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''മനുഷ്യജീവിതത്തിൻെറ എന്തെല്ലാം വശങ്ങൾ ദൈവത്തിൽനിന്ന് അടർത്തിയെടുക്കുന്നുവോ, അതെല്ലാം ചെകുത്താനിൽ കൂട്ടിച്ചേർക്കപ്പെടുന്നു. മനുഷ്യൻെറ സ്വകാര്യജീവിതം എന്നൊന്നില്ല. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്: അവൻെറ ജീവിതം മുഴുവൻ ഒരു സാമൂഹ്യജീവിതമാണ്. മതേതരത്വം അഥവാ ഭൗതികവാദത്തിൻെറ മാർഗവും അർഥവും ഇതാണ്. ഈ മാർഗം പിൻതുടരുന്നത് ഒരു വ്യക്തിയോ ഒരു ഗ്രൂപ്പോ ഒരു രാജ്യമോ ഒരു ജനതയോ ഒരുസംഘം രാഷ്ട്രങ്ങളോ ആരുമായിക്കൊള്ളട്ടെ, അവർ അനിയന്ത്രിതവും ഉത്തരവാദിത്വരഹിതവുമായ ഒരു ജീവിതത്തിലേക്കാണ് നയിക്കപ്പെടുക. അവർ വികാരാഗ്രഹങ്ങളുടെ അടിമയായിരിക്കും.''

1940–41 കാലത്ത് പാക്കിസ്താനുവേണ്ടി പരസ്യമായി വാദിച്ചുകൊണ്ട് മൗലാനാ രംഗത്തുവന്നു. ഇസ്ലാമിനും ഇസ്ലാംചിന്തക്കും അനുസരിച്ച് സ്വതന്ത്രമായ ഒരു ഇസ്ലാമികരാഷ്ട്രത്തിൻെറ സ്ഥാപനം ആവശ്യമാണെന്ന് അദ്ദേഹം അന്ന് പ്രസ്താവിച്ചു. ഇന്ത്യയിലെ മുസ്ലീങ്ങൾ ആ രാജ്യത്തിലെ രണ്ടാംതരം പൗരൻമാരായി പരിഗണിക്കപ്പെട്ടാൽപോലും അദ്ദേഹത്തിന് വിഷമമില്ല. അദ്ദേഹം പറഞ്ഞു: ''ഇന്ത്യയിൽ ഹിന്ദുനിയമത്തിൽ അധിഷ്ഠിതമായ ഒരു ഹിന്ദുരാഷ്ട്രം നിലവിൽ വരികയാണെങ്കിൽ, അവിടത്തെ നിയമം മനുവിൻെറ നിയമമായിത്തീരുകയാണെങ്കിൽ, അതിൻെറ ഫലമായി മുസ്ലീങ്ങളെ തൊട്ടുകൂടാത്തവരായി കണക്കാക്കുകയാണെങ്കിൽ, ഗവൺമെൻറിൽ അവർക്ക് യാതൊരു സ്ഥാനവും നൽകാതിരിക്കുകയാണെങ്കിൽ–മാത്രമല്ല അവർക്ക് പൗരത്വാവകാശം നിഷേധിക്കപ്പെടുകയാണെങ്കിൽപോലും, എനിക്ക് എതിർപ്പില്ല.'' വിഭജനത്തിനുശേഷം ഇന്ത്യയിലെ മുസ്ലീങ്ങളെക്കുറിച്ച് അദ്ദേഹം പ്രകടിപ്പിച്ച വികാരമിതാണ്. ഈ ഉപഭൂഖണ്ഡത്തിൽ ഇന്ത്യയുടെ ഭാഗത്താണ് വ്യക്തിപരമായി അദ്ദേഹം ഉൾപ്പെട്ടതെങ്കിലും, അദ്ദേഹം പാക്കിസ്താനിൽപോയി അവിടെ സ്ഥിരതാമസമാക്കി.

## ജമാഅത്തെയുടെ ലക്ഷ്യങ്ങൾ

രാജ്യത്തിന്റെ വിഭജനത്തിനുശേഷം ജമാഅത്തെ ഇസ്‌ലാമിയും പിളർന്നു. പാകിസ്‌താനിൽ അതിന്റെ നേതൃത്വം മൗലാനാ മൗദൂദിക്കായിരുന്നുവെങ്കിൽ, ഇന്ത്യയിലെ ജമാഅത്തെയുടെ നേതാവ് മൗലാനാ അബ്‌ദുൾലയിസ് ഇസ്‌ലാഹിയായിരുന്നു. എന്നാൽ അവയുടെ ലക്ഷ്യത്തിൽ മാററമൊന്നും സംഭവിച്ചില്ല. തങ്ങളുടെ ലക്ഷ്യം എന്താണെന്ന് താഴെപറയുംവിധത്തിൽ ഇന്ത്യൻ ജമാഅത്തെ പ്രസ്‌താവിച്ചു: ''പ്രകൃതിയുടെ നിയമങ്ങളിൽ അധിഷ്‌ഠിതമായി മനുഷ്യജീവിതത്തെ മുഴുവൻ ഉൾക്കൊണ്ട ഒരു പരിപൂർണ നിയമസംഹിതയോടെ, ഇസ്‌ലാമിന്റെ താൽപര്യത്തിനുവേണ്ടി പ്രവർത്തിക.'' ഈ നിയമങ്ങൾക്ക് ദേശീയതയുമായോ രാജ്യസ്‌നേഹവുമായോ യാതൊരു ബന്‌ധവുമില്ലെന്ന് അതിന്റെ നേതാക്കൻമാർ പ്രസ്‌താവിച്ചു. മുസ്‌ലീങ്ങളോടുള്ള ആർ. എസ്. എസിന്റെ സമീപനത്തെ പരോക്ഷമായി അംഗീകരിക്കുക എന്നതാണല്ലോ ഇതിനർഥം. അതനുസരിച്ച് അവർക്ക് യാതൊരവകാശവും ഉണ്ടായിരിക്കുകയില്ല. 1952 നവംബറിൽ റാംപൂരിൽവെച്ചുചേർന്ന ജമാഅത്തെ സമ്മേളനത്തിൽ മൗലാനാ ലയിസ് ഇങ്ങനെ പ്രഖ്യാപിച്ചു: ''ദേശീയത, രാജ്യസ്‌നേഹം എന്നിവ ജിന്നുകൾ പരത്തിവിടുന്ന, മനുഷ്യസമൂഹത്തെ ബാധിക്കുന്ന വിനകളാണ്. മതത്തേയും ധാർമികതയേയും ഭൗതികജീവിതത്തെത്തന്നെയും അവ നശിപ്പിച്ചിരിക്കുന്നു.''

ആ യോഗത്തിൽ അധ്യക്ഷൻ നടത്തിയ പ്രസംഗത്തിൽ മൗലാനാ മൗദൂദിയുടെ വാക്കുകൾ ആവർത്തിച്ചുകൊണ്ട് ഇങ്ങനെ പ്രസ്‌താവിച്ചു.

''ജനാധിപത്യവാദിയെന്നോ സോഷ്യലിസ്‌ററ് എന്നോ ദേശീയവാദിയെന്നോ അവകാശപ്പെടുന്നവർക്കും പാർടികൾക്കും ഇന്ത്യയിൽ ദൗർലഭ്യമില്ല. നിങ്ങൾ അവരുമായി കൂട്ടുകൂടുകയാണെങ്കിൽ, അതിന്റെ സാധ്യമായ ഫലം, അതുവഴി പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിനകൾ ശക്‌തിപ്പെടുക മാത്രമായിരിക്കും. ഈ ''ഇസ''ങ്ങൾക്കു പകരംവെക്കാവുന്ന ഒരു ജീവിതരീതിയും വ്യവസ്ഥയും ആണ്, യഥാർഥത്തിൽ ലോകത്തിനാവശ്യം. എന്നാൽ മനുഷ്യസമൂഹം ഇന്നനുഭവിക്കുന്ന ദുരിതങ്ങളിൽനിന്ന് വിമുക്‌തമാവും. ആ മാർഗം, ആ വ്യവസ്‌ഥ, ഇസ്‌ലാമാണെന്ന് പ്രകടമാണല്ലോ.''

ഇതിൽനിന്നൊരു കാര്യം വ്യക്‌തമാണ്: ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമി, അതിന്റെ സ്‌ഥാപകനേതാവായ മൗലാനാ മൗദൂദിയുടെ കാലടിപ്പാടുകളെ പിൻതുടർന്നുകൊണ്ടിരിക്കുകയാണ്. മതേതരത്വം, ദേശീയത, ജനാധിപത്യം, സോഷ്യലിസം തുടങ്ങിയവയുമായി പൊരുത്തപ്പെടാൻ അവർക്ക് കഴിഞ്ഞിട്ടില്ല. 1960 നവമ്പറിൽ ദൽഹിയിൽചേർന്ന സമ്മേളനത്തിൽവെച്ച്, ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള ജമാ അത്തെ ഇസ്‌ലാമിയുടെ നിലപാട് വിശദ

മാക്കിക്കൊണ്ട്, അവരുടെ നേതാവ് ഇങ്ങനെ പ്രഖ്യാപിച്ചു: "ഇന്ത്യൻഭരണഘടനയുമായി നമുക്ക് മൗലികമായ ഒരഭിപ്രായവ്യത്യാസമുണ്ട്. കാരണം, ദൈവത്തിന് നൽകേണ്ടതായിരുന്നസ്ഥാനം അതിൽ ജനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. നമ്മുടെ അഭിപ്രായത്തിൽ എല്ലാ കുഴപ്പങ്ങൾക്കും ഉള്ള മൂലകാരണം അതാണ്."

## കമ്യൂണിസ്റ്റ്‌വിരുദ്ധ മുദ്രാവാക്യങ്ങൾ

മതാധിഷ്ഠിതമായ ഇത്തരം സംഘടനകളുടെയെല്ലാം ഒരു പൊതുസ്വഭാവം കമ്യൂണിസ്ററ് വിരുദ്ധനിലപാടാണ് എന്നത് യാദൃച്ഛികമല്ല. മുസ്ളീങ്ങൾ പുരോഗതിയുടെ എല്ലാ മേഖലകളും ആവോളം അനുഭവിക്കുന്നത് സോഷ്യലിസത്തിൻ കീഴിലാണെന്ന കാര്യം തൊഴിലില്ലായ്മയും പണപ്പെരുപ്പവും പട്ടിണിയും മററ് ദുരിതങ്ങളും ഇല്ലാത്ത സമൂഹം സോഷ്യലിസത്തിൻ കീഴിലാണെന്ന കാര്യം, ജനങ്ങൾ മറക്കണമെന്നതാണ് അവരുടെ ആവശ്യം. അവിടെ, അവരുടെ മതപരമായ കാര്യങ്ങളിൽ ഭരണകൂടം ഇടപെടുന്നില്ല. വർഗീയമായ വെറുപ്പോ സംഘർഷമോ അവിടെ ഒട്ടുംതന്നെയില്ല. നമ്മുടെ രാജ്യത്തെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ, ഇടതുപക്ഷ–ജനാധിപത്യ ശക്തികൾക്ക് ശക്തിയുള്ള സംസ്ഥനങ്ങളിൽ വർഗീയ സംഘട്ടനങ്ങളില്ലെന്നു കാണാം. ഇടതുപക്ഷ മുന്നണി–ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറുകളാണ് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഏററവും കാര്യക്ഷമമായി സംരക്ഷിക്കുന്നത്.

എന്നാൽ ചൂഷകവ്യവസ്ഥയെ സംരക്ഷിക്കുന്ന സാമ്രാജ്യത്വ പിന്തിരിപ്പൻ ശക്തികൾക്ക് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗങ്ങളൊന്നുമില്ല. ജനങ്ങളെ തെററിദ്ധരിപ്പിക്കാനും തെററായ മാർഗത്തിലൂടെ നയിക്കാനും അവർക്ക കഴിയാതെ വരുമ്പോൾ സംയുക്തസംഘടനകളിൽ നിന്ന് ജനങ്ങളെ അകററിനിർത്തുവാനായി മത്വികാരങ്ങളെ ഉപയോഗപ്പെടുത്താൻ അവർ മടിക്കാറില്ല. മുസ്ലീംമുതലാളിമാർക്കെതിരായി സമരംചെയ്യുന്ന മുസ്ലീംതൊഴിലാളികൾക്ക് പിന്തുണനൽകുന്നതിനോ മുസ്ലീംഭൂപ്രഭുക്കൾക്കെതിരായി സമരംചെയ്യുന്ന മുസ്ലീംകർഷകത്തൊഴിലാളികൾക്കും കുടിയാൻമാർക്കും പിന്തുണനൽകുന്നതിനോ ജമാഅത്തെ ഇസ്ളാമിക്കാർ മുന്നോട്ടുവരുന്നത് നാമെവിടെയും കാണുന്നില്ല. ഭൂപ്രഭുക്കളുടെ ഭീകരവാഴ്ചക്കെതിരായോ മുതലാളിമാരുടെ കൊള്ളയടിക്കെതിരായോ ജമാഅത്തെക്കാർ നേരിയ ഒരു ശബ്ദംപോലും ഉയർത്തുന്നതായി നാം കേൾക്കുന്നില്ല.

യാഥാർത്ഥ്യം പറഞ്ഞാൽ, ഇന്ത്യക്കുള്ളിലെ പിന്തിരിപ്പൻശക്തികളുടെ മാത്രമല്ല, ലോകത്തിലെങ്ങുമുള്ള പട്ടാള സ്വേച്ഛാധിപതികളുടെയും രാജാക്കൻമാരുടെയും സാമ്രാജ്യത്വശക്തികളുടെയും പിന്തുണ അവർക്ക് ലഭിക്കുന്നുണ്ട്. ഉറുദുഭാഷ, തൊഴിൽസൗകര്യ

ങ്ങൾ, വിദ്യാഭ്യാസം തുടങ്ങിയ പ്രശ്നങ്ങളിൽ മുസ്ലീം ന്യൂനപക്ഷങ്ങൾക്കുള്ള യഥാർത്ഥമായ അവശതകളെ ചൂഷണംചെയ്യാനാണ് അവർ ശ്രമിക്കുന്നത്.

## അപകടകരമായ അനന്തരഫലങ്ങൾ

ജനാധിപത്യപ്രസ്ഥാനത്തിൻെറ ഒരു ഭാഗമായിക്കൊണ്ടും മററ് മതവിഭാഗങ്ങളിലെ തങ്ങളുടെ വർഗപരമായ സഹോദരങ്ങളുമായി ഐക്യം ഉണ്ടാക്കിക്കൊണ്ടും മാത്രമേ മുസ്ലീം ബഹുജനങ്ങൾക്ക് തങ്ങളുടെ പിന്നോക്കവസ്ഥ തരണംചെയ്യാൻ കഴിയുകയുള്ളു. ഈ ഐക്യം പൊളിക്കുക, മുസ്ലീങ്ങളെ ജനാധിപത്യപ്രസ്ഥാനത്തിൽ നിന്ന് അകററിനിർത്തുക എന്നതാണ് ജമാഅത്തെയുടെ ഇന്നത്തെ ഏററവും പ്രധാനപ്പെട്ട ഒരു ലക്ഷ്യം. ഭരണവർഗങ്ങളുടെ താൽപര്യങ്ങളെയാണ് ഇതുവഴി അവർ സേവിക്കുന്നത്. ജനാധിപത്യമതേതരതത്വങ്ങൾക്ക് അപകടം വരുത്താനാണ് അവരുടെ നീക്കം. അത്തരം പ്രവർത്തനങ്ങൾ അനുവദിക്കപ്പെടുകയാണെങ്കിൽ മുസ്ലീം ജനസാമാന്യത്തെ മാത്രമല്ല രാജ്യത്തെയാകെയത് അപകടത്തിൻ കൊണ്ടെത്തിക്കും. ദേശീയഐക്യത്തിൻെറ കടയ്ക്കൽത്തന്നെയാണ് അത് കത്തിവെക്കുക.

ആർ. എസ് എസ്സിൻെറ മുസ്ലീംപതിപ്പാണ് ജമാഅത്തെ ഇസ്ളാമി. അതിൻെറ ഉത്തേജനകേന്ദ്രവും അതുതന്നെ. ഈ ആശയഗതിയെ തക്കസമയത്ത് എതിർത്ത് തോൽപ്പിച്ചില്ലെങ്കിൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളിലേക്ക് അത് നമ്മെ കൊണ്ടുചെന്നെത്തിക്കും. ഇരുരാഷ്ട്രസിദ്ധാന്തത്തിൻെറ ഫലമായി വർഗീയ കൂട്ടക്കുരുതികളുടെ ദു:ഖകരമായ അനുഭവമുള്ള രാജ്യമാണ് ഇന്ത്യ വിവിധ പേരുകളിലുള്ള മത—വർഗീയ വാദികളുടെ പ്രവർത്തനഫലമായി വർഗീയാസ്വാസ്ഥ്യങ്ങൾ ഇപ്പോഴും തുടർച്ചയായി നമ്മെ അഭിമുഖീകരിക്കുന്നുണ്ട്.

## രാഷ്ട്രത്തിന് അടിസ്ഥാനം മതമല്ല.

ഞങ്ങളുടെ അഭിപ്രായത്തിൽ, മൂർഛിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യപ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടിയാണ് പിന്തിരിപ്പൻശക്തികൾ വർഗീയത ഊതിക്കത്തിക്കുന്നതും ന്യൂനപക്ഷങ്ങൾക്കെതിരായി അക്രമങ്ങൾ അഴിച്ചുവിടുന്നതും ഏററവും പിന്തിരിപ്പനായ നികൃഷ്ടവികാരങ്ങൾ ഇളക്കിവിടുന്നതും. ഈ വർഗീയ പിൻതിരിപ്പൻമാരുമായി പരസ്യമായി കൂട്ടുകൂടുന്നതിനോ സാഹോദര്യം സ്ഥാപിക്കുന്നതിനോ ഗവൺമെൻറിലെ പ്രമുഖരായ നേതാക്കൻമാർപോലും മടിക്കുന്നില്ല.

നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത് ഇന്ത്യ ഒരു

മതേതര—ജനാധിപത്യ—സോഷ്യലിസ്ററ് രാഷ്ട്രമാണെന്നാണ്. എന്നാൽ, രാജ്യത്ത് വർഗീയകലാപങ്ങൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുമ്പോൾ, ഇവിടെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് യാതൊരുവിധ സംരക്ഷണവും ലഭിക്കാതിരിക്കുമ്പോൾ മതേതരത്വം എന്നതിന് എന്താണർഥമുള്ളത്? മതേതരത്വം സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ വർഗീയ പ്രത്യയശാസ്ത്രങ്ങളാണ് യഥാർഥത്തിൽ കടന്നുകൂടുന്നത് എന്ന് നാം കഴിഞ്ഞ ലേഖനങ്ങളിൽ കാണുകയുണ്ടായല്ലോ. ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന ന്യൂനപക്ഷങ്ങളുടെ നേരെ ജനങ്ങൾക്കുള്ള അന്ധമായ ഈ നിലപാടാണ്, വർഗീയകലാപങ്ങളുടെ പശ്ചാത്തലം എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ചിലപ്പോൾ, ഈ ഗൂഢാലോചനക്കാർക്കെതിരായി ദുർബലമായ ചെറുത്തുനിൽപ്പ് ഉണ്ടായെന്നുവരും. ഈ പരിത:സ്ഥിതികളെ ഉപയോഗപ്പെടുത്തുന്ന ന്യൂനപക്ഷവർഗീയത അതുവഴി തങ്ങളുടെ സ്വാധീനം വർധിപ്പിക്കുന്നു; അങ്ങനെ അവ പരസ്പരപൂരകമായും അനുബന്ധമായും തീരുന്നു.

ഗവൺമെൻറും അതിൻെറ സംവിധാനവും വെറും കാഴ്ചക്കാരായി നോക്കിനിൽക്കുകയാണ്: മതേതരത്വം എന്ന ആശയത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്ന കാര്യത്തിൽ അവർക്ക് യാതൊരു താൽപര്യവുമില്ല. മതേതരത്വം പാലിക്കുന്നുവെന്ന കള്ളനാട്യം, വർഗീയകാഴ്ചപ്പാടിനെ ശക്തിപ്പെടുത്താനേ സഹായിക്കുകയുള്ളു; കാരണം മതേതരത്വത്തിൻെറ പേരിൽ എല്ലാ പിന്തിരിപ്പൻ വികാരങ്ങളെയും ഗവൺമെൻറ് പ്രീണിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരംകാണാൻ ഗവൺമെൻറിൻെറ നേതാക്കൾക്ക് സമയം കിട്ടുന്നതേയില്ല; എന്നാൽ വർഗീയസ്ഥാപനങ്ങളുടെ മതപരമായ എല്ലാവിധ ചടങ്ങുകളിലും സംബന്ധിക്കാൻ അവർക്ക് സമയം കിട്ടുന്നുമുണ്ട്. ജനഹൃദയങ്ങളിൽ മതേതരത്വത്തിൻെറ ആശങ്ങൾ ഉണർത്തിവിടാൻ റേഡിയോവും ടെലിവിഷനുംപോലും ശ്രമിക്കുന്നില്ല. മതത്തെ രാഷ്ട്രീയത്തിൽനിന്ന് വേർതിരിച്ച് നിർത്തുന്നതാണ് മതേതരത്വം എന്ന അർഥത്തിൽ ആരും മനസ്സിലാക്കുന്നതേയില്ല. അതിനാൽ ജനങ്ങൾ വർഗീയമായി വേർതിരിക്കപ്പെടുന്നു; രാജ്യത്തെ അഭിമുഖീകരിക്കുന്ന അഗാധമായ സാമ്പത്തിക—സാമൂഹ്യ പ്രതിസന്ധിയിൽനിന്ന് അവരുടെ ശ്രദ്ധ തിരിച്ചുവിടപ്പെടുന്നു.

## സാമ്രാജ്യത്വപൈതൃകം

ഇതെല്ലാം സാമ്രാജ്യത്വഭരണത്തിൻെറ പാരമ്പര്യമാണ്; രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, ഇതൊക്കെ തരണംചെയ്യാൻ കഴിയുമെന്നാണ് ജനാധിപത്യ ബഹുജനങ്ങൾ പ്രതീക്ഷിച്ചിരുന്നത്. ദേശീയ വിമോചന പ്രസ്ഥാനത്തിൽ രൂപംകൊണ്ട ഐക്യം, വർഗീ

യതയുടെയും ജാതീയതയുടെയും പിളർപ്പൻശക്തികളെ നേരിടാൻ ശക്തമായിരിക്കും എന്നാണ് കരുതപ്പെട്ടിരുന്നത്.

വിദേശ ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം അവരുടെ നയത്തിന്റെ ഒരവശ്യഘടകമായിരുന്നു ജനങ്ങളെ ഭിന്നിപ്പിച്ചു നിർത്തുക എന്നത്. ഇത്തരം ഒരു നയത്തിനുള്ള സാമൂഹ്യാടിത്തറ പിൻതിരിപ്പൻ ശക്തികളിലാണ് അവർ കണ്ടെത്തിയത്. അവരുടെ താൽപര്യങ്ങൾ ബഹുജനങ്ങളുടെ താൽപര്യങ്ങൾക്ക് നേരെ എതിരായിരുന്നുവല്ലോ. തങ്ങളുടെ സാമ്രാജ്യത്വചൂഷണ താൽപര്യങ്ങളോട് ദൃഢമായി ബന്ധപ്പെട്ടുകിടക്കുന്ന ചില കച്ചവട—ഹുണ്ടിക താൽപര്യങ്ങളെയും ജൻമിവർഗത്തെയും ബ്രിട്ടീഷ്കാർ തങ്ങളുടെ അടിത്തറയെന്ന നിലയിൽ ബോധപൂർവം സ്ഥാപിച്ചുറപ്പിച്ചു. ഈ വർഗങ്ങളുടെ താൽപര്യങ്ങളെ സേവിക്കുന്നതിനും തങ്ങളുടെ ഭരണത്തെ സംരക്ഷിക്കുന്നതിനുംവേണ്ടി ജനജീവിതത്തിൽ സാംസ്കാരികമായി അധ:സ്ഥിതമെന്നു കരുതപ്പെട്ടവയെല്ലാം എടുത്തുപയോഗിക്കപ്പെട്ടു. പരിഷ്കരണങ്ങൾ ഏർപ്പെടുത്തണമെന്ന ദേശീയാവശ്യങ്ങൾക്കു നേരെയാണ് സാമ്രാജ്യത്വം അവയെ എടുത്തുപയോഗിച്ചത്. ജാതീയമായ വേർതിരിവിനെ അവർ ഉപയോഗപ്പെടുത്താൻ ശ്രമിച്ചു; വിവിധ ഗ്രൂപ്പുകൾക്ക് പ്രത്യേകം പ്രത്യേകം പ്രാതിനിധ്യം ഏർപ്പെടുത്തി. മതപരമായ ചേരിതിരിവിനെയാണ്, പ്രത്യേകിച്ചും ഹിന്ദുക്കളെന്നും മുസ്ളിങ്ങളെന്നും ഉള്ള ചേരിതിരിവിനെയാണ്, അവർ ആശ്രയിച്ചത്.

തങ്ങളുടെ ഭരണം സ്ഥിരമായി നിലനിർത്തുന്നതിനുവേണ്ടി വിവിധ മതവിഭാഗങ്ങൾ തമ്മിൽ കുഴപ്പങ്ങൾ കുത്തിപ്പൊക്കുവാനും മതഭിന്നതകൾ ഉപയോഗപ്പെടുത്തുവാനും ഇന്ത്യയിലെ മാത്രമല്ല ലോകത്തിലെങ്ങുമുള്ള പിൻതിരിപ്പൻ ശക്തികൾ ശ്രമിച്ചുവന്നിട്ടുണ്ട്. ബ്രിട്ടീഷ്സാമ്രാജ്യത്വം ഈ ആയുധം, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെ സമർഥമായ വിധത്തിൽത്തന്നെ ഉപയോഗപ്പെടുത്തി.

നമ്മുടെ രാജ്യത്ത് വിവിധ മതവിശ്വാസങ്ങൾ നിലനിന്നിരുന്നുവെങ്കിലും, ബ്രിട്ടീഷ് ഭരണകാലത്ത് കാണപ്പെട്ടിരുന്നപോലെയുള്ള പ്രത്യേകിച്ചും ആ ഭരണത്തിന്റെ അവസാനഭാഗത്തു കാണപ്പെട്ടിരുന്നപോലെയുള്ള, വർഗീയ സംഘട്ടനങ്ങൾ കാണപ്പെട്ടിരുന്നില്ല എന്നും, ഇന്ത്യാചരിത്രം പഠിക്കുന്ന ആർക്കും കാണാൻ കഴിയും. ഹിന്ദു ഭരണാധികാരികളും മുസ്ളീം ഭരണാധികാരികളും തമ്മിൽ യുദ്ധമുണ്ടായിരുന്നുവെന്നതു നേരുതന്നെ. എന്നാൽ അവയൊരിക്കലും ഹിന്ദു—മുസ്ളീം വിരോധത്തിന്റെ രൂപം ധരിച്ചിരുന്നില്ല. മുസ്ളീം ഭരണാധികാരികൾ ഹിന്ദുക്കളെ തങ്ങളുടെ ഭരണത്തിൽ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിച്ചിരുന്നു: മറിച്ച് ഹിന്ദുഭരണാധികാരികൾ മുസ്ളീങ്ങളെയും ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിച്ചിരുന്നു ഹിന്ദു—മുസ്ളീം വിരോധത്തെക്കുറിച്ചു പഠനം നടത്തിയ സൈമൺ കമ്മിററി റിപ്പോർട്ട് ഇക്കാര്യം പ്രത്യേകം എടുത്തുപറയുന്നുണ്ട്.

''ബ്രിട്ടീഷ് ഇന്ത്യയിൽ ഒരു തലമുറമുമ്പ് സിവിൽ സമാധാനത്തിനു ഭീഷണിയാകത്തക്ക വിധത്തിലുള്ള വർഗീയ സംഘർഷങ്ങൾ ഏററവും കുറവായിരുന്നു.''

ബ്രിട്ടീഷ്ഭരണത്തിൻെറ, ഭിന്നിപ്പിച്ച് ഭരിക്കുക എന്ന അതിൻെറ നയത്തിൻെറ ഒരു ഉൽപന്നമാണ് യഥാർത്ഥത്തിൽ വർഗീയ സംഘട്ടനം.

ഈ വിഭജനം സ്ഥിരമായി നിലനിർത്തുന്നതിന്നുവേണ്ടിയാണ് ബ്രിട്ടീഷ്സാമ്രാജ്യത്വഭരണാധികാരികൾ മതത്തിൻെറ അടിസ്ഥാനത്തിലുള്ള പ്രാതിനിധ്യസമ്പ്രദായം കൊണ്ടുവന്നത്. ജനാധിപത്യതെരഞ്ഞെടുപ്പുസമ്പ്രദായത്തിൻെറ കടയ്ക്കൽത്തന്നെ കത്തിവെക്കുന്ന ഏർപ്പാടായിരുന്നു ഇത്. ഈ സമ്പ്രദായം കൂടുതൽ വ്യാപകവും വിശദവുമാക്കി 1935 ലെ ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് മുസ്ളീങ്ങൾക്കു മാത്രമല്ല, സിക്കുകാർക്കും ആംഗ്ളോ ഇന്ത്യക്കാർക്കും ഇന്ത്യൻ ക്രിസ്ത്യാനികൾക്കും അധഃകൃത വർഗങ്ങൾക്കും അതുപോലെതന്നെ യൂറോപ്യൻമാർക്കും ജൻമിമാർക്കും കച്ചവടക്കാർക്കും വ്യവസായികൾക്കും പ്രത്യേകം പ്രാതിനിധ്യാവകാശം ലഭിച്ചു. സ്ഥാനമാനങ്ങൾക്കുവേണ്ടി മത്സരിക്കുന്ന ഇടത്തരക്കാരുടെ വികാരങ്ങളെ ഉപയോഗപ്പെടുത്താനും അവർ ശ്രമിച്ചു.

## ഇരുരാഷ്ട്ര സിദ്ധാന്തം

വർഗീയമായ ചേരിതിരിവിൻെറ അടിസ്ഥാനത്തിൽ, മതവിശ്വാസത്തിൻെറ അടിസ്ഥാനത്തിൽഉള്ള ഇരുരാഷ്ട്രസിദ്ധാന്തത്തെ അവർ പ്രോത്സാഹിപ്പിച്ചുവന്നു. ഇന്ന് ഹിന്ദുരാഷ്ട്രത്തിനും സിക്ക്രാഷ്ട്രത്തിനും മുസ്ളീംരാഷ്ട്രത്തിനുംവേണ്ടി വാദിക്കുന്നവർ ഈ പിന്തിരിപ്പൻ സിദ്ധാന്തത്തിനുവേണ്ടിയാണ് വാദിക്കുന്നത്. മതത്തിൻെറ അടിസ്ഥാനത്തിലുള്ള രാഷ്ട്രം എന്ന സിദ്ധാന്തം അറുപിൻതിരിപ്പനാണ്; ജനാധിപത്യ മുന്നേററത്തിൻെറ താൽപര്യങ്ങൾക്ക് കടകവിരുദ്ധമാണത്. കാരണം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവരും വിവിധ മതവിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവരും ആണെങ്കിലും ഒരൊററ കുടുംബത്തിൽ ഉൾപ്പെട്ടവരായ ആളുകളെത്തന്നെ വ്യത്യസ്ത രാഷ്ട്രങ്ങളിൽ ഉൾപ്പെട്ടവരായി പ്രഖ്യാപിക്കേണ്ടിവന്നു. രാഷ്ട്രത്തിൻെറ സ്വഭാവത്തെ സംബന്ധിച്ചിടത്തോളമുള്ള ചരിത്രപരവും സാർവദേശീയവുമായ എല്ലാവിധ അനുഭവങ്ങൾക്കും വിരുദ്ധമായിരുന്നു ഇത്. ഇന്നുള്ള ദേശീയഅതിരുകളൊന്നുംതന്നെ പരിഗണിക്കാതെ യൂറോപ്പിലെ കത്തോലിക്കർക്കെല്ലാംകൂടി ഒരു രാഷ്ട്രം, വടക്കെ ആഫ്രിക്കതൊട്ട് ഇന്ത്യവരെയുള്ള മുസ്ളീങ്ങൾക്കെല്ലാംകൂടി മറെറാരു രാഷ്ട്രം, അതുപോലെ മററ് മതവിശ്വാസങ്ങൾവെച്ചുപുലർത്തുന്നവർക്ക്

വേറെ വേറെ രാഷ്ട്രങ്ങൾ—ഇതായിരിക്കുമല്ലോ ഈ വാദമുഖത്തിന്റെ അർത്ഥം. എന്നാൽ ഹിന്ദുക്കൾക്കും മുസ്ളീമ്ങ്ങൾക്കും സിക്കുകാർക്കും ക്രിസ്ത്യാനികൾക്കും മററ് മതവിശ്വാസികൾക്കും പ്രത്യേകം പ്രത്യേകം ലക്ഷ്യങ്ങളില്ല. ഹിന്ദുദാരിദ്ര്യത്തിൽനിന്നും സിക്ക് ദാരിദ്ര്യത്തിൽനിന്നും വ്യത്യസ്തമല്ലല്ലോ മുസ്ളീം ദാരിദ്ര്യവും ദുരിതങ്ങളും. ഫ്യൂഡൽ കുത്തക ചൂഷണത്തിന്റെ ഒരേ നുകക്കീഴിലാണ് ഈ രാജ്യത്തെ കോടിക്കണക്കിന് അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ വിക്കുന്നത്. അതിനാൽ ഈ സമൂഹത്തെ സാമൂഹ്യമായും സാമ്പത്തികമായും മാററിമറിക്കുന്നതിലാണ് അന്തിമപരിഹാരം കിടക്കുന്നത്.

ഈ സന്ദർഭത്തിൽ, നമ്മുടെ രാജ്യത്തിന്റെ ദേശീയപ്രശ്നത്തെക്കുറിച്ചു നാം വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. കാരണം, ഒരുവശത്ത് പിളർപ്പൻശക്തികൾ ജനങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുവാനും ദേശീയപ്രശ്നവുമായി മതവിശ്വാസങ്ങളെ കൂട്ടിക്കുഴക്കുവാനും അങ്ങനെ മതത്തിന്റെ അടിസ്ഥാനത്തിലുള്ള ജനതകൾ ചേർന്ന ഒരു 'ബഹുദേശീയ' രാഷ്ട്രമാണ് ഇന്ത്യ എന്ന് വരുത്തിത്തീർക്കാനും ശ്രമിക്കുന്നു. മറുഭാഗത്താകട്ടെ, ഈ രാജ്യത്തിന്റെ ബഹുദേശീയസ്വഭാവം അപ്പാടെ നിഷേധിച്ചുകൊണ്ടും, രാജ്യത്തെ അധിവാസിക്കുന്ന വിവിധ ദേശീയതകളുടെ ഐക്യം ശക്തിപ്പെട്ടുവരുന്നതിന് ഹാനികരമായ നിലപാട് കൈക്കൊണ്ടുകൊണ്ടും പ്രവർത്തിക്കുന്ന കുത്തകതാൽപര്യങ്ങളെ പ്രതിനിധീകരിക്കുന്നവരും ഉണ്ട്.

## മാർക്സിസം പഠിപ്പിക്കുന്നതെന്ത്?

''മാർക്സിസവും ദേശീയ പ്രശ്നവും'' എന്ന തന്റെ ഗ്രന്ഥത്തിൽ, സ്ററാലിൻ ഈ പ്രശ്നത്തെക്കുറിച്ച് മാർക്സ് നമ്മെ പഠിപ്പിക്കുന്നതെന്തെന്ന് ശാസ്ത്രീയമായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ പറയുന്നു: ''ഭാഷയുടെയും ഭൂപ്രദേശത്തിന്റെയും *സാമ്പത്തികജീവിതത്തിന്റെയും സമൂഹസംസ്കാരത്തിൽനിന്നുയിർക്കൊണ്ട മാനസികബോധത്തിന്റെയും അടിസ്ഥാനത്തിൽ ചരിത്രപരമായി രൂപംകൊണ്ട ഒരു സുസ്ഥിതസമൂഹമാണ് ഒരു രാഷ്ട്രം''* പിന്നീടദ്ദേഹം ഇങ്ങനെ തറപ്പിച്ചു പറയുന്നു: ''മുകളിൽ പറഞ്ഞ സ്വഭാവവിശേഷങ്ങളിൽ ഏതെങ്കിലും ഒന്ന് ഉള്ളതുകൊണ്ടുമാത്രം ഒരു രാഷ്ട്രം എന്ന നിർവചനത്തിന് അർഹമായിത്തീരുന്നില്ല. നേരെമറിച്ച്, ഇതിൽ ഏതെങ്കിലും ഒരു സ്വഭാവവിശേഷത്തിന്റെ അഭാവംതന്നെ ധാരാളംമതി, രാഷ്ട്രം എന്നനിലയിലുള്ള ഒരു ജനതയുടെ നിലനിൽപ്പ് അവസാനിക്കാനും.'' ''*ഈ സ്വഭാവവിശേഷങ്ങൾ എല്ലാം ഉണ്ടെങ്കിൽ മാത്രമേ ഒരു രാഷ്ട്രമായിത്തീരുള്ളു.*'' (ഊന്നൽസ്ററാലിന്റേതുതന്നെ.)

ചരിത്രപരമായ ഒരു പ്രക്രിയയുടെ ഫലമാണ് ഒരു രാഷ്ട്രത്തിന്റെ വളർച്ച. ചരിത്രപരമായ ഒരു സംവർഗം മാത്രമല്ല അത്. ഒരു പ്രത്യേക യുഗത്തിൽ, മുതലാളിത്തം ഉയർന്നുവരുന്ന കാലഘട്ടത്തിൽ, ഉരുപ്പെടുന്ന ചരിത്രപരമായ ഒരു സംവർഗമാണത്.

നിശ്ചിത ജനവിഭാഗങ്ങളുടെ ദൈനംദിന—സാമൂഹ്യ വിനിമയ രൂപങ്ങളുടെയും ഭൗതികവും അധ്യാത്മികവുമായ സംസ്കാരത്തിന്റെയും തുടർച്ചയെയാണ് അത് പ്രതിനിധീകരിക്കുന്നത്. ഒരു സാമൂഹ്യ—സാങ്കേതിക സമുദായത്തോടുള്ള, അത് വളർന്നുവരുന്ന പ്രത്യേക പ്രകൃതിപരിത:സ്ഥിതികളോടുള്ള വികാരങ്ങളുടെയും മമതാബോധത്തിന്റെയും അതിന്റെ പാരമ്പര്യസംസ്കാരത്തോടുള്ള ബഹുമാനത്തിന്റെയും ഒരേ സാമൂഹ്യവംശീയസമുദായത്തിലെ അംഗങ്ങൾ തമ്മിലുള്ള ഐക്യദാർഢ്യവും ചരിത്രപരമായ വിധിയുമായുള്ള അടുപ്പത്തിന്റെയും ആകെമൊത്തം ഫലമെന്ന നിലയിലാണ് ജനത എന്ന ബോധം നിലവിൽ വരുന്നത്.

ഒരു ദേശീയതയുടെ രൂപീകരണം വളരെ സങ്കീർണമായ ഒരു പ്രക്രിയയാണ്. വിവിധ വിഭാഗങ്ങളിലുള്ള മനുഷ്യന്റെ പ്രവർത്തനവും സ്വാധീനവും. ഗോത്രങ്ങൾ തമ്മിലുള്ള കൂടുതലടുത്ത സാമ്പത്തിക—സാംസ്കാരിക ബന്ധങ്ങൾക്ക് കാരണമായ ഗോത്രസഖ്യങ്ങളുടെ ആവിർഭാവം, വിവിധഗോത്രങ്ങൾ തമ്മിലുള്ള സൈനികസംഘട്ടനം, കുടിയേററം, ഗോത്രസ്വത്തിന്റെ ആവിർഭാവം, വർഗങ്ങളായുള്ള വിഭജനം തുടങ്ങിയവ അതിന് കാരണമായിത്തീരുന്നുണ്ട്. വർഗസമൂഹത്തിൽ രാഷ്ട്രത്തിന്റെ ആവിർഭാവവും ദേശീയതയുടെ രൂപീകരണത്തിൽ അതിന്റേതായ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. ദേശീയതയെ കൂടുതൽ ദൃഢീകരിക്കാൻ അത് ശ്രമിക്കുന്നുണ്ട്. കാരണം പ്രത്യേക രാഷ്ട്രങ്ങളുടെ അതിർത്തികൾക്കകത്തുനിന്നു കൊണ്ടേ അതിന് കൂടുതൽ വികസിക്കുവാൻ കഴിയുകയുള്ളു. മുതലാളിത്തത്തിന്റെ വിജയകരമായ മുന്നേററത്തിന്റെയും ഫ്യൂഡൽ അനൈക്യത്തിനുമേൽ അത് നേടുന്ന വിജയത്തിന്റെയും സമയത്താണ് ഒരു രാഷ്ട്രം ഏററവും വികാസം നേടുന്നത്.

### മതം—അതല്ല അടിസ്ഥാനം

ദേശീയതയുടെ രൂപീകരണത്തിന്റെ അടിസ്ഥാനം മതമല്ല, ചരിത്രപരമായ പരിണാമപ്രക്രിയയാണ് എന്ന് ഇതിൽനിന്നു വ്യക്തമാവുന്നുണ്ടല്ലൊ. ഒരേ മതത്തിന്റെ കൊടിക്കീഴിൽ നിരവധി സാമൂഹ്യ—വംശീയ വിഭാഗങ്ങളെ താൽക്കാലികമായി ഒന്നിച്ചുനിർത്തിയിരുന്ന ഫ്യൂഡൽ ചൂഷകവിഭാഗങ്ങളുടെ വംശപരമായ താൽപര്യങ്ങൾക്ക്, ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണാധികാരികൾ മതത്തിന്റേതായ ഒരുറപ്പുനൽകി. ദേശീയതക്കുള്ള ശാസ്ത്രീയ നിർവചനം

അനുസരിച്ചു മുസ്ളീങ്ങളെയും ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും മററും പ്രത്യേക ജനതകളായി പരിഗണിക്കാൻ സാധ്യമല്ല. കാരണം, ഈ മതങ്ങളിൽ ഉൾപ്പെട്ട ജനങ്ങൾ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നു; അവർക്ക് വ്യത്യസ്ത സംസ്കാരമാണുള്ളത്; വ്യത്യസ്ത ഭൂവിഭാഗങ്ങളിലാണ് താമസിക്കുന്നത്; വംശീയമായും അവർ വ്യത്യസ്തരാണ്. സിക്കുകാരെ സംബന്ധിച്ചാണെങ്കിൽ, ഒരേ ഭാഷ സംസാരിക്കുന്ന, ഒരേ സംസ്കാരമുള്ള പൊതുവായ വംശീയവിഭാഗത്തിൽനിന്നുടലെടുത്ത പഞ്ചാബിജനതയുടെ ഒരു ഭാഗംമാത്രമാണവർ. അവരൊരു പ്രത്യേക ജനതയല്ല. പഞ്ചാബിമുസ്ളീമിനും ബംഗാളിമുസ്ളീമിനും തമ്മിൽ, അല്ലെങ്കിൽ ബിഹാറിഹിന്ദുവിനും കേരളാഹിന്ദുവിനും തമ്മിൽ പൊതുവായിട്ടുള്ളതെന്താണ്? പൊതുവായ മതവും പഴയ സംസ്കാരത്തിൻെറ ചില പുരാണങ്ങളുമല്ലാതെ മറെറാന്നുമില്ല. അതിനാൽ ഇന്ത്യയിൽ ജീവിക്കുന്ന വിവിധ ദേശീയതകളെ അവരധിവസിക്കുന്ന ഭൂവിഭാഗത്തിൻെറയും പൊതുവായ ചരിത്രപാരമ്പര്യത്തിൻെറയും പൊതുഭാഷയുടെയും സംസ്കാരത്തിൻെറയും മാനസികബോധത്തിൻെറയും പൊതുവായ സാമ്പത്തികജീവിതത്തിൻെറയും അടിസ്ഥാനത്തിൽവേണം നാം നോക്കിക്കാണുവാൻ. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇന്ത്യൻ യൂണിയനിൽ തങ്ങളുടെ സ്വന്തമായ സംസ്ഥാനങ്ങളുള്ള വിവിധ ദേശീയതകൾ ഈ രാജ്യത്തെ അധിവസിക്കുന്നുണ്ട് എന്ന് നമുക്കു കാണാം. മതത്തെ മുൻപന്തിയിൽ നിർത്താനും ദേശീയപ്രശ്നത്തിൻെറ അടിസ്ഥാനം അതാക്കിത്തീർക്കാനും ഉള്ള ഏതൊരു പരിശ്രമവും ഈ ഐക്യം പൊളിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

## രാജ്യത്തിൻെറ ഐക്യം

ഇന്ത്യ ഒരൊററ രാഷ്ട്രമാണോ, അതോ വിദേശഭരണത്തിനെതിരായ സമരത്തിൽനിന്ന് ഉരുത്തിരിഞ്ഞ ദേശീയ ഐക്യബോധത്തിൻെറ സൃഷ്ടിയായ ബഹുദേശീയരാഷ്ട്രമാണോ എന്ന രണ്ടാമത്തെ ചോദ്യത്തിലേക്കുവരാം, നമുക്ക്. ഇന്ത്യ ഒരൊററ രാഷ്ട്രമാണ്. ബഹുദേശീയരാഷ്ട്രമല്ല എന്നാണ് കുത്തകതാൽപര്യങ്ങൾ നമ്മെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്. രാജ്യത്തെ അധിവസിക്കുന്ന വിവിധ ദേശീയതകളുടെ നിലനിൽപിനെത്തന്നെ അവർ നിഷേധിക്കുന്നു. ബ്രിട്ടീഷ്കാർ ചെയ്തപോലെ അവരും തങ്ങളുടെ ഭരണം സ്ഥിരമായി നിലനിർത്തുന്നതിനുവേണ്ടി, ജനങ്ങളെ ഭിന്നിപ്പിച്ചുനിർത്തുന്നതിനായി, വർഗീയ–ജാതീയശക്തികളെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ കള്ളക്കളികളെയും തുറന്നുകാട്ടേണ്ടിയിരിക്കുന്നു.

ഇന്ത്യയുടെ വിമോചനത്തിനായുള്ള സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനം ദേശീയപ്രസ്ഥാനമായിട്ടാണ്, ഇന്ത്യൻ ദേശീയപ്രസ്ഥാ

നമായിട്ടാണ്, എല്ലായ്പോഴും വിശേഷിപ്പിക്കപ്പെട്ടുവന്നിട്ടുള്ളത്. അതോടൊപ്പംതന്നെ, ഇന്ത്യൻ ഉപഭൂഖണ്ഡത്തെ അധിവസിക്കുന്ന വിവിധ ദേശീയതകളും വിവിധഭാഷ സംസാരിക്കുന്ന ജനങ്ങളും ഒരൊററ ജനതയായും വിശേഷിപ്പിക്കപ്പെട്ടുവന്ന് ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി സാമ്രാജ്യത്വത്തിന് എതിരായി നടത്തിയ സമരത്തിൽ, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ അധിവസിച്ചിരുന്ന വിവിധ ദേശീയതകൾ യഥാർത്ഥത്തിലുള്ള ഒരു ഐക്യം കെട്ടിപ്പടുത്തുവെന്ന കാര്യത്തിൽ സംശയമില്ല. ദേശീയപ്രസ്ഥാനത്തിൻെറ വിജയത്തിലേക്ക് നയിച്ചത് അതാണ്. ഈ അർത്ഥത്തിലേ നമുക്ക് ഇന്ത്യൻദേശീയത്വത്തെക്കുറിച്ച് പറയാൻ കഴിയൂ. ബഹുദേശീയ സ്വഭാവംകൊണ്ടുണ്ടാകുന്ന വൈവിധ്യത്തിൽ പ്രശ്നം മൗലികമായ ഈ ഐക്യത്തിന് വിരുദ്ധമായിത്തീരുന്നില്ല. രാജ്യത്തിൻെറ ഐക്യം പ്രകടമാക്കുന്ന ഇന്ത്യൻ ദേശീയതയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് ഇന്നുള്ള പ്രശ്നങ്ങൾ. ചില സാമൂഹ്യ—സാമ്പത്തിക പരിത:സ്ഥികളിൽനിന്നാണ്, സാമ്രാജ്യത്വഭരണത്തിൻെറയും അതിൽനിന്നുണ്ടായ ചൂഷണത്തിൻെറയും പരിത:സ്ഥിതികളിൽ നിന്നാണ്, അത്തരം ചൂഷണങ്ങളുടെ പരിത:സ്ഥിതിയിൽ ഇന്ത്യൻ സമൂഹത്തിൽ രൂപംകൊണ്ട സാമൂഹ്യ—സാമ്പത്തിക ശക്തികളുടെ ഫലമായിട്ടാണ്, ഇന്ത്യൻ ദേശീയപ്രസ്ഥാനം ഉയർന്നുവന്നത്.

## ഒരൊററ ജനതയല്ല

പൊതുവായ ഭാഷ, സംസ്കാരം, മാനസികബോധം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യതിരിക്തമായ ഭൂപ്രദേശത്തു താമസിക്കുന്ന ജനങ്ങൾ എന്നു മുകളിൽ പറഞ്ഞ അർത്ഥത്തിൽ ഒരൊററ ജനത എന്നു വിളിക്കുന്നത് തെററായിരിക്കും. ദേശീയത്വത്തിൻെറ അടിസ്ഥാനം മതമാണെന്നു പറയുന്ന വർഗീയശക്തികളെ ചെറുക്കുന്നതിനോ ദേശീയപ്രശ്നത്തിൻെറ എല്ലാ വശങ്ങളും കണ്ടുകൊണ്ട് അവർക്ക് പരിഹാരം കാണുന്നതിനോ അത്തരമൊരു ധാരണ സഹായിക്കുകയില്ല.

ഇന്ത്യയെന്നും പാക്കിസ്താനെന്നും വിഭജിക്കപ്പെടുന്നതിനുമുമ്പായാലുംശരി, പിമ്പായാലുംശരി, ഇന്ത്യാഉപഭൂഖണ്ഡം, വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിവിധ പ്രദേശങ്ങളിൽ ഒതുങ്ങി താമസിക്കുന്നവരും വിവിധ ഗോത്ര—നരവംശ—സാംസ്കാരിക വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുമായ ജനങ്ങൾ അധിവസിക്കുന്ന അതിവിശാലമായ ഒരു ഭൂവിഭാഗമാണ്. ബ്രിട്ടീഷ്കോളണിഭരണാധികാരികളാൽ ഭരിക്കപ്പെട്ട ഒരു ബഹുദേശീയ രാഷ്ട്രമായിരുന്നു അത്. പാക്കിസ്താനും ഇന്ത്യയും ഇന്നും ബഹുദേശീയ രാഷ്ട്രങ്ങളായിത്തന്നെ തുടരുകയും ചെയ്യുന്നു. മതത്തിൻെറ അടിസ്ഥാനത്തിലുള്ള ദ്വിരാഷ്ട്രവാദത്തിൻെറ പൊള്ളത്തരം ചരിത്രം തെളിയി

ച്ചിട്ടുണ്ട്.

ഇന്ത്യാരാഷ്ട്രത്തെ ഇന്ത്യൻ യൂണിയൻ എന്നാണ് ഭരണഘടനയിൽ നിർവചിച്ചിരിക്കുന്നത്; പിന്നീട് ഏറെക്കുറെ ഭാഷയുടെ അടിസ്ഥാനത്തിൽ ഏതാണ്ടെല്ലാ സംസ്ഥാനങ്ങളും പുനഃസംഘടിപ്പിച്ച്, പുനഃസംവിധാനം ചെയ്യേണ്ടിവന്നു; സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും യഥാർഥ സ്വയംഭരണാധികാരവും നൽകണമെന്ന ആവശ്യം സജീവമായിത്തന്നെ നിലനിൽക്കുന്നുണ്ട്—ഇതെല്ലാം വാചാലമായി തെളിയിക്കുന്നത് ഇന്ത്യൻ യൂണിയൻ ബഹുഭാഷാ—ബഹുദേശീയ ഭാവത്തോടുകൂടിയതാണ് എന്നാണ്.

ഇന്ത്യയുടെ ഐക്യം ശക്തിപ്പെടുത്തുന്നതിനും കാത്തുസൂക്ഷിക്കുന്നതിനുംവേണ്ടി ബോധപൂർവം പ്രവർത്തിക്കുന്നതിനും അനൈക്യത്തിന്റെയും ശിഥിലീകരണത്തിന്റെയും ശക്തികളെ ചെറുക്കുന്നതിനും അത്തരം വ്യക്തമായ ധാരണ കൂടിയേ കഴിയൂ. ഇന്ത്യയിൽ അധിവസിക്കുന്ന വിവിധ ദേശീയതകളുടെ തുല്യതയുടെ അടിസ്ഥാനത്തിലേ ഇന്ത്യയുടെ ഐക്യം ശക്തിപ്പെടുത്താനാകൂ. അതുകൊണ്ടാണ് 1946 ലെ തങ്ങളുടെ തെരഞ്ഞെടുപ്പു മാനിഫെസ്റ്റോയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്പോലും ഇങ്ങനെ പറഞ്ഞത്:

> "സ്വതന്ത്ര ജനാധിപത്യ രാഷ്ട്രമാണ് കോൺഗ്രസ് വിഭാവനം ചെയ്യുന്നത്. അതിലെ എല്ലാ പൗരൻമാരുടെയും മൗലികാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഭരണഘടനവഴി ഉറപ്പുചെയ്യപ്പെടണം. ഫെഡറൽ സ്വഭാവത്തോടുകൂടിയതും ഘടക യൂണിററുകൾക്ക് സ്വയംനിർണയാവകാശം നൽകുന്നതും പ്രായപൂർത്തിവന്ന എല്ലാവർക്കും വോട്ടവകാശം നൽകിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട നിയമനിർമാണ സഭകളോടുകൂടിയതും ആയിരിക്കണം അതിന്റെ ഘടന എന്നാണ് ഞങ്ങളുടെ അഭിപ്രായം. വിവിധ ഭാഗങ്ങൾ സ്വമനസാലെ ഉൾച്ചേർന്നിട്ടുള്ളതായിരിക്കണം ഇന്ത്യൻ ഫെഡറേഷൻ. ഘടക യൂണിററുകൾക്ക് പരമാവധി സ്വാതന്ത്ര്യം നൽകുന്നതിനായി എല്ലാ ഘടക യൂണിററുകൾക്കും ബാധകമായ പൊതു—അവശ്യ സംസ്ഥാന വിഷയങ്ങളുടെ ഒരു ലിസ്ററും ഏതെങ്കിലും യൂണിററുകൾക്ക് വേണമെന്നു തോന്നുന്നുണ്ടെങ്കിൽ സ്വീകരിക്കാനായി പൊതു വിഷയങ്ങളുടെ ഒരു ഐച്ഛിക ലിസ്ററും ഉണ്ടായിരിക്കണം."

## ഐക്യത്തെ അപകടപ്പെടുത്തുന്നു

ദേശീയത എന്ന പദം കോൺഗ്രസ്പാർടി ഉപയോഗിച്ചില്ലെങ്കിലും വിവിധ ഘടകങ്ങൾ സ്വമനസ്സാലെ ഉൾച്ചേർന്ന, ഘടകയൂണിററുകൾക്ക് പരമാവധി സ്വാതന്ത്ര്യം നൽകുന്ന, ഇന്ത്യൻ ഫെഡറേഷനെപററി അവർ പറയുകയുണ്ടായി. എന്നാൽ ഭരണാധികാരം കിട്ടിക്കഴിഞ്ഞപ്പോൾ, ഈവാഗ്ദാനങ്ങളെല്ലാം അവർ മറന്നു; ഭാഷ

യുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനെപ്പോലും അവർ എതിർത്തു. ഇപ്പോഴാകട്ടെ ഫ്യൂഡൽ കുത്തകവർഗങ്ങൾ, ദേശീയതത എന്ന സങ്കൽപത്തെത്തന്നെ വളച്ചൊടിക്കുകയാണ്. ദേശീയതയും മതവും ഒന്നാണെന്നു പറയുന്നതിന് വർഗീയശക്തികൾക്ക് അവർ പ്രോത്സാഹനം നൽകുന്നതിന്പുറമെ, ഷോവനിസവും പ്രാദേശികതയും കുത്തിപ്പൊക്കുകകൂടി ചെയ്യുകയാണവർ. പിളർപ്പൻ—വിഭജന ശക്തികളെ ഉയർത്തിക്കൊണ്ടുവന്നുകൊണ്ട് തൊഴിലാളിവർഗഐക്യത്തെ അപകടപ്പെടുത്തുകയാണവർ. അതിനാൽ ഈശക്തികളെ ചെറുക്കുക എന്നത് ഇടതുപക്ഷ—ജനാധിപത്യ ശക്തികളുടെ അടിയന്തര കടമയായിത്തീർന്നിരിക്കുന്നു. അതിനാൽ വിഘടനവാദപരമായ എല്ലാ പ്രക്ഷോഭങ്ങൾക്കെതിരായും സമരം ചെയ്യേണ്ടതുണ്ട്; സംസ്ഥാനങ്ങളുടെ യഥാർഥ സ്വയംഭരണാധികാരത്തിനുവേണ്ടി സമരംചെയ്യേണ്ടതുണ്ട്. രാജ്യത്ത് അധിവസിക്കുന്ന വിവിധ ദേശീയതകളുടെ യഥാർഥ തുല്യതയുടെയും സ്വയംഭരണാധികാരത്തിൻെറയും അടിസ്ഥാനത്തിൽമാത്രമേ ഇന്ത്യയുടെ ഐക്യം കൈവരിക്കാനാവുകയുള്ളു.

ഇന്നാട്ടിലെ പിന്തിരിപ്പൻ ശക്തികൾക്കു പുറമെ വിദേശത്തുള്ള സാമ്രാജ്യത്വശക്തികളും പിളർപ്പൻ—വിഘടന പ്രസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന കാര്യത്തിൽ താൽപര്യം കാണിക്കുന്നുണ്ട്. അതുകൊണ്ടാണ് ആർ. എസ്. എസ്., ജമാഅത്തെ ഇസ്ലാമി, സിക്ക് രാഷ്ട്രത്തിനുവേണ്ടി വാദിക്കുന്നവർ എന്നിവർക്കൊക്കെ സാമ്രാജ്യത്വപത്രങ്ങൾ വമ്പിച്ച പിന്തുണ നൽകുന്നത്. ഇവിടെ ഒരു ഇടതുപക്ഷ—ജനാധിപത്യ ബദൽശക്തി വളർന്നുവരുന്നതിനോട് പൊരുത്തപ്പെടാൻ സാമ്രാജ്യത്വത്തിന് ഒരിക്കലും സാധ്യമല്ല.

അസ്ഥിരീകരണത്തിനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മുതലാളിത്ത വികസനപാതയുടെ ഫലമായി ഉണ്ടായിട്ടുള്ള അസംതൃപ്തി, വിഘടനമാർഗങ്ങളിലൂടെ വഴിതിരിച്ചുവിടുവാൻ കഴിയുകയാണെങ്കിൽ ഇന്ത്യൻ വൻകിട ബിസിനസുകാരും ഫ്യൂഡൽ വർഗങ്ങളും സന്തോഷിക്കുകയേയുള്ളു. ഈ പിളർപ്പൻശക്തികൾ ദുർബലങ്ങളാണ്, അവക്ക് വലിയ പ്രത്യാഘാതങ്ങളൊന്നും ഉണ്ടാക്കാൻ കഴിയില്ല എന്ന് ഇടതുപപക്ഷ—ജനാധിപത്യ ശക്തികൾ പരിഗണിക്കുന്നുണ്ടാവാം. എന്നാൽ ആസാംപ്രക്ഷോഭം നൽകുന്ന അനുഭവപാഠം, മതാധിഷ്ഠിത പിന്തിരിപ്പൻ—വർഗീയ ശക്തികളുടെ നുഴഞ്ഞുകയററംകൊണ്ട് തൊഴിലാളിവർഗത്തിൻെറയും കർഷകരുടെയും കൃഷിക്കാരുടെയും ജനാധിപത്യശക്തികളുടെയും ഐക്യത്തിന് മാത്രമല്ല, രാജ്യത്തിൻെറയാകെ ഐക്യത്തിന് ഗുരുതരമായഅപകടം ഉണ്ടാകും എന്നാണ്.

### അടിയന്തരകടമ

അതിനാൽ ഈ ശക്തികളുടെ പ്രത്യയശാസ്ത്രപരമായ അടി

ത്തറയെയും പ്രവർത്തനങ്ങളെയും തുറന്നുകാണിക്കുക, ജനാധിപത്യബഹുജനങ്ങളുടെ ഐക്യം ഊട്ടിയുണ്ടാക്കുക എന്നത് ഇടതുപക്ഷ–ജനാധിപത്യശക്തികളുടെ അടിയന്തര കടമയാണ്. ഒരു ബൂർഷ്വാഭരണകൂടത്തിൻ കീഴിൽ ദേശീയപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല എന്ന് എല്ലാവർക്കുമറിയാം. ദേശീയപ്രശ്നം പരിഹരിക്കപ്പെട്ടിട്ടുള്ളതും വിവിധ ദേശീയ വിഭാഗങ്ങൾക്ക് വികസനത്തിന്റെ എല്ലാ മേഖലകളും തുറന്നുകൊടുക്കപ്പെട്ടിട്ടുള്ളതും സോവിയറ്റ് യൂണിയനിലും മററ് സോഷ്യലിസ്ററ് രാഷ്ട്രങ്ങളിലും മാത്രമാണ്. എന്നാൽ ഇവിടെയാകട്ടെ, അന്തിമ പരിഹാരത്തെക്കുറിച്ച് നാം പറയുന്നില്ല. വിവിധ ദേശീയ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ജനങ്ങളെ മതത്തിന്റെ പേരു പറഞ്ഞ് ഭിന്നിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് മുന്നോട്ടുവെക്കുന്ന തെററായ സിദ്ധാന്തങ്ങളെയും മുദ്രാവാക്യങ്ങളെയും തുറന്നുകാട്ടേണ്ടത് അത്യാവശ്യമാണ്. മതേതരത്വം എന്ന സങ്കൽപത്തെയും മതത്തെ ഭരണകൂടത്തിൽനിന്നും രാഷ്ട്രീയത്തിൽനിന്നും വേർതിരിച്ചുനിർത്തുന്നതിനെയുംകുറിച്ചു നാം വ്യാപകമായ പ്രചാരണം നൽകേണ്ടിയിരിക്കുന്നു.

PG Library & Research Center

## ചില ചിന്ത പ്രസിദ്ധീകരണങ്ങൾ

| | |
|---|---|
| സോഷ്യലിസം: സിദ്ധാന്തവും പ്രയോഗവും | 3.00 |
| ഇന്ത്യൻ കർഷകപ്രസ്ഥാനത്തിന്റെ ചരിത്രം | 2.00 |
| ട്രേഡ് യൂണിയനുകൾക്കൊരു കൈപ്പുസ്തകം | 2.50 |
| വൈരുധ്യാത്മക ഭൗതികവാദം (എം. പി. പരമേശ്വരൻ) | 1.00 |
| വൈരുധ്യാത്മക ഭൗതികവാദം (ജെ. ഡി. ബർണാൽ) | 1.50 |
| ലക്ഷ്യവും മാർഗവും | 1.50 |
| വൈരുധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം | 1.25 |
| ഫാസിസത്തെപ്പററി | 1.00 |
| മാർക്സിസത്തിന്റെ ബാലപാഠം | 1.25 |
| അർഥശാസ്ത്രം | 1.00 |
| മാർക്സിനെപ്പററി | 1.50 |
| കാറൾ മാർക്സ്: പുതുയുഗത്തിന്റെ വഴികാട്ടി | 1.25 |
| കമ്യൂണിസത്തെപ്പററി 12 ചോദ്യങ്ങൾ | 1.25 |
| പാർടി – 1 | 1.50 |
| പാർടി – 2 | 3.00 |
| എങ്ങനെ പഠിക്കണം എങ്ങനെ നയിക്കണം | 0.75 |
| മോസ്കൊപ്രഖ്യാപനം 1960 | 2.50 |
| അധ്വാനത്തിന്റെ പങ്ക് | 0.50 |
| ഭരണകൂടം | 0.75 |
| പാർടിയുടെ ആദ്യനാളുകൾ | 0.80 |

CPI (M) Kerala State Committee Publication 1/81

# ശിഥിലീകരണത്തിന്റെ വിത്തുകൾ

## ഹർകിഷൻസിങ്ങ് സുർജിത്

331·8

കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി
കേരള സംസ്ഥാന കമ്മിററി പ്ര...

Indic Digital Archive Foundation
gpura.org